Z9B2C3


അധ്യായം

# 4

# മനുഷ്യാവകാശവും സാമൂഹ്യ നിയമനിർമാണവും








## പ്രധാന ആശയങ്ങൾ

- 4.1. തുല്യതയും സമത്വവും
- 4.2. സാമൂഹ്യ നീതി
- 4.3. മനുഷ്യാവകാശങ്ങൾ
- 4.4. ശാക്തീകരണം
- 4.5. സാമൂഹ്യ മൂലധനം
- 4.6. സാമൂഹ്യ നിയമ നിർമാണം

ഇന്ത്യ 1950 ജനുവരി 26 ന് ജനാധിപത്യ പരമാധികാര രാഷ്ട്രമായി. റിപബ്ലിക്ക് ദിനത്തിന്റെ പ്രത്യേകത എന്താണ്?

- ..............................................................................

ഈ ദിവസം ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. എന്തിനാണ് നമുക്ക് ഭരണഘടന?

- ................................................................

ഇന്ത്യൻ ഭരണഘടന രാജ്യത്തെ എല്ലാ ജനങ്ങൾക്കും തുല്ല്യത, സാമൂഹ്യ നീതി, സ്വാതന്ത്ര്യം തുടങ്ങിയവ ഉറപ്പ് നൽകുന്നു. ജീവിക്കാനുള്ള സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം, അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, തുടങ്ങിയവയും ഉറപ്പാക്കുന്നു. ഇവയെല്ലാം പൗരന്റെ അടിസ്ഥാന സാമൂഹിക ആവശ്യങ്ങളുമാണ്. എല്ലാ സാധാരണ പൗരൻമാർക്കും ഈപ്പറഞ്ഞ ഭരണഘടനാപരമായ അവസരങ്ങൾ ലഭിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഈ പാഠഭാഗത്തിൽ സാമൂഹ്യ നീതി, ശാക്തീകരണം, മനുഷ്യാവകാശങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിൽ സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്നു. സാമൂഹ്യക്ഷേമവും സാമൂഹ്യ നീതിയും മനുഷ്യാവകാശവും ഉറപ്പുവരുത്തുവാൻ ഔദ്യോഗിക സാമൂഹ്യ പ്രവർത്തനം നിരന്തരം ശ്രമിക്കുന്നു.

### 4.1 തുല്യതയും സമത്വവും (Equity and Equality)

താഴെ കൊടുത്തിരിക്കുന്ന A, B എന്നീ ചിത്രങ്ങൾ നിരീക്ഷിക്കൂ.



ചിത്രം A



ചിത്രം B

രണ്ട് ചിത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ നിരീക്ഷിച്ചുവോ? നിങ്ങളുടെ അനുമാനം പങ്കുവക്കൂ.

- ................................................................

തുല്ല്യതയും സമത്വവും തമ്മിലുള്ള വ്യത്യാസങ്ങൾ ഈ ചിത്രത്തിലൂടെ വിശദീകരിക്കാമോ ?

- ................................................................

ചിത്രം A യിൽ എല്ലാവർക്കും ഒരുപോലെ അവസരം നല്കിയതായി കാണാം. ചിത്രം B യിൽ ഓരോരുത്തരുടേയും ആവശ്യാനുസരണം പ്രത്യേക ഇടപെടൽ നൽകിയതായി കാണാം. അതുകൊണ്ട് എല്ലാവർക്കും കളി കാണുവാൻ അവസരം ലഭിച്ചിരിക്കുന്നു.ഇതാണ് തുല്യത. സമൂഹത്തിലെ പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് അവരുടെ പ്രത്യേക സാഹചര്യവും ആവശ്യവും പരിഗണിച്ച് അവസരങ്ങളും വിഭവങ്ങളും നൽകുന്നതാണ് തുല്യത (Equity). ഇത് സമത്വം കൊണ്ടുവരാൻ സഹായിക്കുന്നു. തുല്യത എന്നത് നീതിപൂർവ്വമായതും പക്ഷപാതരഹിതവുമായ ആശയത്തോട് യോജിച്ചു നിൽക്കുന്നു. ഓരോരുത്തരും അർഹിക്കുന്നത് അവർക്ക് നൽകുവാനുള്ള സന്നദ്ധതയാണ് ഇത്.

വീട്ടിലോ, സ്കൂളിലോ, ജോലിസ്ഥലത്തോ വിവേചനങ്ങളില്ലാതെ സമത്വം ആസ്വദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. എല്ലാ പൗരൻമാർക്കും ഒരേ അവകാശം എന്ന തത്വത്തിലധിഷ്ഠിതമാണ് സമത്വം എന്ന സങ്കൽപം. എല്ലാ സാമ്പത്തിക-സാമൂഹിക -സാംസ്കാരിക അവകാശങ്ങളുടേയും പുറകിൽ ഈ തത്വമാണ് ഉള്ളത്. ഇതിന്റെ നിഷേധം വിവേചനത്തിന് കാരണമാകുന്നു. സമത്വവും തുല്ല്യതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. 'തുല്യത ഉപാധിയും സമത്വം അതിന്റെ ഉൽപന്നവുമാണെന്നാണ്, പാൻ അമേരിക്കൻ ആരോഗ്യ സംഘടന പറയുന്നത്.

## 4.2 സാമൂഹ്യ നീതി

താഴെ കൊടുത്ത വിവരങ്ങൾ നിരീക്ഷിക്കൂ

**മോഡേൺ - സ്റ്റീൽ നിർമാണ കേന്ദ്രം**

**കൂലി വിതരണ പട്ടിക**

**ജാനുവരി 2011**

| ക്ര.നമ്പർ | ജോലിക്കാരുടെ പേര് | കൂലി |
|---|---|---|
| 1 | രമേഷ് | 200.00 |
| 2 | ശ്രുതി | 100.00 |
| 3 | റഷീദ് | 200.00 |
| 4 | ലീല | 100.00 |
| 5 | ഗോപി | 200.00 |
| 6 | റോസ | 100.00 |
| 7 | ജോർജ് | 200.00 |

മേൽ കൊടുത്തിട്ടുള്ള പട്ടിക ഒരു സ്റ്റീൽ കമ്പനിയിലെ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന വേതനത്തിന്റെ അടിസ്ഥാന വിവരങ്ങളാണ്. വേതനം നൽകുന്നതിൽ വ്യത്യാസങ്ങൾ നിരീക്ഷിച്ചുവോ? അത് ന്യായീകരിക്കാൻ കഴിയുമോ? എന്താണ് നിങ്ങളുടെ അഭിപ്രായം?

- ..................................................................

ലോകത്തിന്റെ പല ഭാഗത്തും കുട്ടികൾ, സ്ത്രീകൾ, മുതിർന്നവർ, ദളിത്, ആദിവാസി കൾ, പ്രാദേശിക സംഘങ്ങൾ, ന്യൂനപക്ഷങ്ങൾ തുടങ്ങിയവർ പല അനീതികളും അഭി മുഖീകരിക്കുന്നുണ്ട്. ആയതുകൊണ്ട് നമുക്ക് ഇത്തരം പിന്നോക്കം നിൽക്കുന്നവരേയും പാർശ്വവൽകരിക്കപ്പെട്ടവരേയും മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി ശാക്തീക രിക്കേണ്ടതുണ്ട്. അതുവഴി ഇവർക്ക് തുല്യ പരിഗണനയും അവസരങ്ങളും നൽകേണ്ട തുമുണ്ട്. ഇതാണ് സാമൂഹ്യ നീതിയുടെ ഉദ്ദേശ്യം.

സമൂഹത്തിന്റെയും സർക്കാരിന്റേയും പ്രവർത്തനങ്ങൾ നീതിയും തുല്ല്യതയും അടി സ്ഥാനമാക്കി വർഗ്ഗം, ജാതി, മതം, ലിംഗം, പ്രായം, നിറം, എന്നിവയൊന്നും പരിഗണി ക്കാതെ എല്ലാ ജനങ്ങളേയും തുല്യരായി പരിഗണിച്ചുകൊണ്ടായിരിക്കണം എന്ന് സാമൂഹ്യ നീതി വിഭാവനം ചെയ്യുന്നു. സാമൂഹ്യ നീതിയിലൂടെ ഓരോ വ്യക്തിയുടേയും ജീവിതത്തേയും അന്തസ്സിനേയും ബഹുമാനിക്കുവാനുള്ള ആഹ്വാനമാണ് നൽകുന്നത്. സാമൂഹ്യ നീതി സമത്വം, തുല്ല്യത, ലഭ്യത, പങ്കാളിത്തം എന്നിങ്ങനെ പരസ്പര ബന്ധി തമായ നാലു തത്വങ്ങളിൽ ഊന്നിയിരിക്കുന്നു.

സാമൂഹ്യ നീതി ഉറപ്പുവരുത്താൻ ചില ഉപാധികൾ നിങ്ങൾക്ക് നിർദ്ദേശിക്കാമോ?

- ..............................................................

സാമൂഹ്യ നീതി ഉറപ്പുവരുത്താൻ താഴെ പറയുന്നവ ഉപകരിക്കും.

i) പക്ഷപാതമില്ലാത്ത വിഭവ വിതരണം

ii) അവകാശങ്ങൾ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

iii) ജനജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ വിഭവങ്ങളും സേവനങ്ങളും ലഭ്യമാക്കുക.

iv) യഥാർത്ഥ പങ്കാളിത്തത്തിന് മെച്ചപ്പെട്ട അവസരം ഒരുക്കുക.

## 4.3 മനുഷ്യാവകാശങ്ങൾ

ചിത്രം A-യും B -യും നിരീക്ഷിക്കുക



ചിത്രം A



ചിത്രം B

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ നിന്ന് നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്? ചർച്ച ചെയ്യുക

- ..............................................................

എല്ലാ ജനങ്ങൾക്കും ദേശം, ഭാഷ, പദവി, ലിംഗം, വർഗ്ഗം, മതം എന്നിവ പരിഗണി ക്കാതെ അർഹതപ്പെട്ട അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യവുമാണ് മനുഷ്യാവ

കാശം. വിവേചനമില്ലാതെ നമുക്കെല്ലാവർക്കും മനുഷ്യാവകാശങ്ങൾ തുല്യമായി ലഭിക്കുവാനുള്ള അർഹതയുണ്ട്. മനുഷ്യാവകാശങ്ങൾ എല്ലാ മനുഷ്യർക്കും ബാധകമാണ്. അവ പരസ്പര ബന്ധിതവും പരസ്പര ആശ്രയത്വമുള്ളതും അവിഭാജ്യവുമാണ്. ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, ജോലി ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം തുടങ്ങിയ പൗര-സാംസ്കാരിക-സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക അവകാശങ്ങൾ അടങ്ങിയതാണ് മനുഷ്യാവകാശങ്ങൾ. മനുഷ്യാവകാശങ്ങൾ അന്താരാഷ്ട്ര ഉടമ്പടികളാലും നിയമങ്ങളാലും സംരക്ഷിക്കുകയും സറിതീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം (UDHR)

സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തെ മനുഷ്യാവകാശങ്ങളുടെ മാഗ്നാകാർട്ടയായാണ് കരുതുന്നത്.

1948 ഡിസംബർ 10 ന് പാരീസിൽ വച്ച് ഐക്യരാഷ്ട്ര സംഘടനയുടെ പൊതു സഭയാണ് സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയത്. UDHR ലൂടെ എല്ലാവരുടേയും അവകാശങ്ങൾ എന്താണെന്ന ഒരു പൊതുധാരണ ഉണ്ടാക്കാനായി എന്നത് ഐക്യരാഷ്ട്ര സംഘടനയുടെ ഒരു പ്രധാന നേട്ടമായാണ് കരുതുന്നത്. ചരിത്രത്തിലാദ്യമായി മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യവും സവിസ്തരം പ്രതിപാദിക്കുന്ന രേഖയാണിത്. സുദീർഘമായ മനുഷ്യാവകാശ പോരാട്ടത്തിലെ ഒരു നാഴികകല്ലാണ് ഈ പ്രഖ്യാപനം.




മൗലിക സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും ജന്മസിദ്ധമായി മനുഷ്യന് ലഭ്യമാകേണ്ടതാണെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ പ്രഖ്യാപനം സ്പഷ്ടമായി പ്രതിപാദിക്കുന്നു. വിവേചനമില്ലായ്മ, പൗര രാഷ്ട്രീയ അവകാശങ്ങൾ, സാമൂഹ്യ സാമ്പത്തിക അവകാശങ്ങൾ എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മനുഷ്യർക്കും അർഹമായ മനുഷ്യാവകാശങ്ങളെക്കുറിച്ച് ഈ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്നു. ഇതിന് ഒരു ആമുഖവും 30 ഖണ്ഡികകളുമുണ്ട്. ഇവ ഓരോന്നും ലോകത്തെല്ലായിടത്തുമുള്ള മനുഷ്യർക്കുള്ള വിവേചനരഹിത തത്ത്വങ്ങളും പൗര-രാഷ്ട്രീയ അവകാശങ്ങളും സാമൂഹ്യ-സാമ്പത്തികാവകാശങ്ങളും വിശദീകരിക്കുന്നു. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം വ്യക്തികളുടേയും സമൂഹത്തിന്റേയും മനുഷ്യാവകാശവും മൗലികസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനായി പ്രത്യേക രീതിയിൽ പ്രവർത്തിക്കുവാനും ചില പ്രത്യേക പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും സർക്കാരിനെ ചുമതലപ്പെടുത്തുന്നു. 1948 മുതൽ ലോകത്ത് ഏറ്റവും അറിയപ്പെടുന്നതും മിക്കവാറും ഉദ്ധരിക്കപ്പെടുന്നതുമായ രേഖകളാണ് സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം.

**നിങ്ങൾക്കറിയാമോ?**

ഡിസംബർ 10 ലോക മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു

### നിങ്ങൾക്കറിയാമോ?

**മനുഷ്യാവകാശ പ്രഖ്യാപന പ്രമാണങ്ങൾ**

**പ്രമാണം**

1. തുല്ല്യതക്കുള്ള അവകാശം
2. വിവേചനങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം
3. ജീവിക്കാനുള്ള അവകാശം - സ്വാതന്ത്ര്യവും വ്യക്തി സുരക്ഷയും
4. അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം
5. പീഡനങ്ങളിൽ നിന്നും അപകീർത്തികളിൽ നിന്നുമുള്ള സ്വാതന്ത്ര്യം
6. നിയമത്തിനു മുന്നിൽ ഒരു വ്യക്തിയായി പരിഗണിക്കപെടുവാനുള്ള അവകാശം
7. നിയമത്തിന് മുന്നിൽ തുല്ല്യതക്കുള്ള അവകാശം
8. കഴിവുറ്റ വിധിന്യായധിപനാൽ പ്രശ്നപരിഹാരത്തിനുള്ള അവകാശം
9. സ്വേഛാപരമായ അറസ്റ്റിൽ നിന്നും നാടു കടത്തലിൽ നിന്നുമുള്ള സ്വാതന്ത്ര്യം
10. ന്യായമായ പൊതു വിസ്താരത്തിനുള്ള അവകാശം
11. കുറ്റം തെളിയുന്നത് വരെ നിരപരാധിയായി പരിഗണിക്കുവാനുള്ള അവകാശം
12. സ്വകാര്യതയിലും, കുടുംബത്തിലും, വീട്ടിലും ആശയവിനിമയങ്ങളിലും ഇടപെടാതിരിക്കാനുള്ള സ്വാതന്ത്ര്യം
13. സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം
14. മറ്റു രാഷ്ട്രങ്ങളിൽ സംരക്ഷണം ലഭിക്കുവാനുള്ള അവകാശം
15. ദേശീയതക്കും അത് മാറ്റുവാനുമുള്ള അവകാശം
16. വിവാഹത്തിനും കുടുംബ ജീവിതത്തിനുമുള്ള അവകാശം
17. സ്വത്ത് സമ്പാദിക്കുവാനുള്ള അവകാശം
18. ചിന്തിക്കുവാനും, അവബോധത്തിനും മതവിശ്വാസത്തിനുമുള്ള സ്വാതന്ത്ര്യം
19. അഭിപ്രായം പറയുന്നതിനും വിവരങ്ങൾ നൽകുന്നതിനുമുള്ള സ്വാതന്ത്യം
20. സമാധാനത്തിനും സംഘം ചേരുന്നതിനുമുള്ള അവകാശം
21. ഭരണത്തിലും തിരഞ്ഞെടുപ്പിലും പങ്കെടുക്കുവാനുള്ള അവകാശം
22. സാമൂഹ്യ സുരക്ഷക്കുള്ള അവകാശം
23. ആഗ്രഹിക്കുന്ന തൊഴിലിലും തൊഴിൽ യൂണിയനിലും ചേരുന്നതിനുള്ള അവകാശം
24. വിശ്രമത്തിനും വിശ്രമവേളകൾക്കുമുള്ള അവകാശം
25. പര്യാപ്തമായ ജീവിത നിലവാരത്തിനുള്ള അവകാശം
26. വിദ്യാഭ്യാസത്തിനുള്ള അവകാശം
27. സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തിൽ പങ്കെടുക്കുവാനുള്ള അവകാശം
28. സാമൂഹ്യ ക്രമത്തിനുള്ള അവകാശം
29. സമൂഹത്തോടുള്ള ഉത്തരവാദിത്വത്തിനുള്ള അവകാശം
30. മനുഷ്യാവകാശങ്ങളിലെ കൈകടത്തലുകളിൽ നിന്നുള്ള സ്വാതന്ത്യം

## മനുഷ്യാവകാശ ലംഘനങ്ങൾ

മനുഷ്യാവകാശങ്ങളുടെ ലംഘനത്തിന് ലോകം മുഴുവൻ ധാരാളം ഉദാഹരണങ്ങളുണ്ട്. ഇത് അനുവദിക്കാനാകുമോ? ഇത്തരം ലംഘനങ്ങൾ നിയന്ത്രിക്കാൻ സംവിധാനങ്ങളുണ്ടോ?

- ...............................................................

രാഷ്ട്രമോ മറ്റു സംവിധാനങ്ങളോ മനുഷ്യന്റെ പൗരാവകാശങ്ങളോ രാഷ്ട്രീയ-സാംസ്കാരിക-സാമൂഹിക-സാമ്പത്തിക അവകാശങ്ങളോ നിഷേധിക്കുമ്പോഴാണ് മനുഷ്യാവകാശ ലംഘനം ഉണ്ടാകുന്നത്.

മനുഷ്യാവകാശ ലംഘനത്തിന് കുറച്ചുദാഹരണങ്ങൾ സൂചിപ്പിക്കാമോ ?

- ...............................................................

മനുഷ്യാവകാശ ലംഘനത്തിന്റെ ചില സാഹചര്യങ്ങൾ താഴെ നൽകുന്നു.

i. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ
ii. കുട്ടികളെ ദുരുപയോഗം ചെയ്യൽ
iii. തൊട്ടുകൂടായ്മ
iv. അടിമത്വം
v. കരാർ അധിഷ്ഠിത തൊഴിൽ
vi. ശൈശവ വിവാഹം
vii. നിയമ വിരുദ്ധമായ തടങ്കൽ

ഐക്യരാഷ്ട്ര സംഘടന സമിതികൾ, ദേശീയ മനുഷ്യാവകാശ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ, സന്നദ്ധ സംഘടനകൾ മുതലായവ മനുഷ്യാവകാശ സംവിധാനങ്ങളെ നിരീക്ഷിക്കുന്നു. ആംനെസ്റ്റി ഇന്റർനാഷണൽ, ഇന്റർനാഷണൽ ഫെഡറേഷൻ ഫോർ ഹ്യൂമൻ റൈറ്റ്, ഹ്യൂമൻ റൈറ്റ്സ് വാച്ച്, വേൾഡ് ഓർഗനൈസേഷൻ എഗൈൻസ്റ്റ് ടോർച്ചർ, ഫ്രീഡം ഹൗസ്, ഇന്റർ നാഷണൽ ഫ്രീഡം ഓഫ് എക്സ്പ്രഷൻ എക്സ്ചേഞ്ച്, ആന്റീ സ്ലേവറി ഇന്റർനാഷണൽ, ഏഷ്യൻ ഫോറം ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് ഡെവലപ്പ്മെന്റ് മുതലായവ മനുഷ്യാവകാശ ലംഘനങ്ങൾ തുടച്ചുനീക്കുന്നതിനായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനകൾക്കുദാഹരണങ്ങളാണ്. ഈ സംഘടനകൾ മനുഷ്യാവകാശ ലംഘനത്തിന്റെ തെളിവുകളും വിവരങ്ങളും ശേഖരിക്കുകയും മനുഷ്യാവകാശങ്ങൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്ത് ധാരാളം മനുഷ്യാവകാശ സംഘടനകളുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും നമ്മുടെ രാജ്യത്ത് മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നിയമപരമായിട്ടുള്ള സംവിധാനങ്ങളാണ്.

## സാമൂഹ്യ പ്രവർത്തനവും മനുഷ്യാവകാശവും

മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിന് ധാരാളം വ്യവസ്ഥകളുണ്ടെങ്കിലും ലോകത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യാവകാശ ധ്വംസനം അരങ്ങേറുന്നതായി നമുക്കറി

യാം. മനുഷ്യാവകാശവുമായി ബന്ധപ്പെട്ട ഒരു വിഷയമെന്ന രീതിയിൽ സാമൂഹ്യ പ്രവർത്തകർക്ക് എങ്ങനെ വിവിധ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയും ? ചർച്ച ചെയ്യുക.

- ..........................................................................

മനുഷ്യാവകാശ സംരക്ഷണത്തിൽ സാമൂഹ്യ പ്രവർത്തകർ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്. ആവശ്യാധിഷ്ഠിത സമീപനത്തിൽ നിന്നും അവകാശാധിഷ്ടിത സമീപനത്തിലേക്ക് സാമൂഹ്യ പ്രവർത്തനം ഗതി മാറിയിട്ടുണ്ട്. സേവനം, സാമൂഹ്യ നീതി, വ്യക്തികളുടെ മൂല്യവും അന്തസ്സും, മനുഷ്യ ബന്ധങ്ങളുടെ പ്രാധാന്യം എന്നിവയാണ് ഔദ്യോഗിക സാമൂഹ്യ പ്രവർത്തനത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ. സാമൂഹ്യ പ്രവർത്തകർക്ക് താഴെ പറയുന്ന രീതിയിൽ മനുഷ്യാവകാശ വിഷയങ്ങളിൽ ഇടപെടാവുന്നതാണ്.

> **നിങ്ങൾക്കറിയാമോ?**
>
> **NASW യുടെ ആമുഖം**
>
> വളരെ മോശമായതും, അടിച്ചമർത്തപ്പെട്ടവരും ദാരിദ്ര്യത്തിൽ കഴിയുന്നവരുമായിട്ടുള്ളവരുടെ ആവശ്യങ്ങൾക്കും ശാക്തീകരണങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകികൊണ്ട് മനുഷ്യന്റെ ക്ഷേമം വർദ്ധിപ്പിക്കുകയും അടിസ്ഥാനാവശ്യങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യുകയാണ് സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രാഥമിക ദൗത്യം. (NASW 1996).

i. നിയമ ബോധവൽക്കരണ പരിപാടികൾ

ii. നിയമ സഹായം

iii. മനുഷ്യാവകാശ ലംഘനത്തെ കുറിച്ചുള്ള പ്രചാരണം

iv. വക്കാലത്തും സാമൂഹ്യ നടപടിയും

v. സാമൂഹ്യ മാധ്യമ ഇടപെടലുകൾ

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. തുല്ല്യതയും സമത്വവും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
2. മനുഷ്യാവകാശങ്ങൾ എന്നതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്.
3. മനുഷ്യാവകാശസംരക്ഷണത്തിനായുള്ള മൂന്ന് അന്താരാഷ്ട്ര സംഘടനകളെ കണ്ടെത്തുക.

**നമുക്ക് പ്രവർത്തിക്കാം**



- *ഒരു മനുഷ്യാവകാശ പ്രവർത്തകനുമായി ചർച്ച സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയാറാക്കുകയും ചെയ്യുക.*
- *സമകാലിക ലോകത്ത് നിലവിലുള്ള മനുഷ്യാവകാശ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു കൊളാഷ് തയാറാക്കുക.*



- *ഐക്യരാഷ്ട്ര സംഘടനയുടെ വെബ്സൈറ്റ് സന്ദർശിച്ച് മനുഷ്യാവകാശ പ്രഖ്യാപനത്തെ കുറിച്ച് ഒരു ലേഖനം തയാറാക്കുക.*

## 4.4. ശാക്തീകരണം (Empowerment)



നിങ്ങളുടെ രക്ഷിതാക്കളോ അയൽ ¡ mtcm B sc¦ re pw *കുടുംബശ്രീ* യിലോ, *അയൽക്കൂട്ടം* യോഗങ്ങളിലോ പങ്കെടുക്കാറുണ്ടോ? ഈ കൂടിച്ചേരലിൽ അവർക്ക് എന്ത് നേട്ടമാണ് ലഭിക്കുന്നത്?

- ..................................................

അവർക്ക് ലഭിക്കുന്ന ചില നേട്ടങ്ങൾ

- പങ്കുവെക്കലും കരുതലും
- സാമ്പത്തിക സുരക്ഷ
- നേതൃത്വ വികസനം
- വിവിധ തലങ്ങളിലുള്ള ശാക്തീകരണം (സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസപരം മുതലായവ)

സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ *കുടുംബശ്രീ* അവരെ ശക്തരാകുവാൻ സഹായിക്കുന്നു. അത് അവരെ സ്വയം പര്യാപ്തതയിലേക്കും പങ്കാളിത്തത്തിലേക്കും നയിക്കുകയും, ശാക്തീകരണത്തിനായി ഒരു വേദി ലഭ്യമാക്കുകയും ചെയ്യുന്നു. ഇനി നമുക്ക് ശാക്തീകരണമെന്ന പദത്തെ കുറിച്ച് ചർച്ച ചെയ്യാം.

'തങ്ങളുടെ സാഹചര്യങ്ങളിൽ പുരോഗതി സാക്ഷാൽകരിക്കുന്നതിന് വേണ്ടി വ്യക്തികളും കുടുംബങ്ങളും സംഘടനകളും സമൂഹവും അവരുടെ വ്യക്തിപരമോ വ്യക്തിയേതരമോ രാഷ്ട്രീയപരമോ ആയി ശക്തിയാർജിക്കുന്ന പ്രക്രിയയാണ് ശാക്തീകരണം' (പാർസൺസ്, 2008).

തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുക്കുന്നവയെ ആഗ്രഹിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവൃത്തികളിലേക്കും അനന്തരഫലത്തിലേക്കും എത്തിക്കാനുള്ള കഴിവിനെ വർദ്ധിപ്പിക്കുന്ന പ്രക്രിയയാണ് ശാക്തീകരണം. വ്യക്തികളെയോ സമൂഹത്തെയോ അവരുടെ പരിമിതികൾ തരണം ചെയ്യുന്നതിനായി അവരുടെ ശക്തി ഉപയോഗിക്കുകയും അതു വഴി അവരെ ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ശാക്തീകരണം. ഈ അർത്ഥത്തിൽ സാമൂഹിക പ്രവർത്തനം ശാക്തീകരണത്തെ ഒരു പ്രക്രിയയായും അതേ സമയം പരിണിതഫലമായും കാണുന്നു.

ആവശ്യാധിഷ്ഠിത സമീപനത്തിൽ നിന്ന് അവകാശാധിഷ്ഠിത സമീപനത്തിലേക്കുള്ള സാമൂഹിക പ്രവർത്തനത്തിലെ മാറ്റം ശാക്തീകരണം ആവശ്യപ്പെടുന്നു. ജനങ്ങളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അധഃസ്ഥിതരുടെയും ശാക്തീകരണത്തിലും കഴിവ് വർദ്ധിപ്പിക്കുന്നതിലും കേന്ദ്രീകരിക്കുന്ന സമീപനമാണ് ശാക്തീകരണം. ഇതിനായി സോഷ്യൽ വർക്കിന്റെ ഒരു സമഗ്ര സമീപനം ആവശ്യമാണ്.

## ശാക്തീകരണത്തിന്റെ തലങ്ങൾ (Dimensions of empowerment)

ശാക്തീകരണം വ്യത്യസ്ത തലങ്ങളിൽ പ്രാപ്തമാക്കാം.

താഴെ തന്നിരിക്കുന്ന ചിത്രീകരണം ശ്രദ്ധിക്കൂ.




ശാക്തീകരണത്തിന് വിവിധ തലങ്ങൾ ഉണ്ട്. അവയിൽ ചിലത് താഴെ പറയുന്നു.

| | | |
|---|---|---|
| സാമൂഹികം | : | സാമൂഹ്യചലനാത്മക സ്വാതന്ത്ര്യം, സമത്വബോധം, നീതി |
| രാഷ്ട്രീയപരം | : | തീരുമാനമെടുക്കുന്നതിലും ഭരണത്തിലും പങ്കാളിത്തം, അവകാശബോധം. |
| സാമ്പത്തികപരം | : | തൊഴിൽ, വരുമാനം എന്നിവയുമായി ബന്ധപ്പെട്ട തിരഞ്ഞെടുക്കൽ |
| വിദ്യാഭ്യാസപരം | : | അവബോധം, ലഭ്യത |
| സാംസ്കാരികപരം | : | സാഹിത്യം, കല, ആചാരമര്യാദകൾ തുടങ്ങിയവയിലുള്ള പങ്കാളിത്തം. |

## ശാക്തീകരണത്തിന്റെ ഘടകങ്ങൾ

ശാക്തീകരിക്കപ്പെട്ടവർക്ക് പ്രവർത്തിക്കുന്നതിനും തിരഞ്ഞെടുക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ട്. ഇത് അവരുടെ ജീവിത ഗതിയെ കൂടുതൽ ഗുണകരമായ രീതിയിൽ തീരുമാനങ്ങളെടുക്കുന്നതിനും പ്രാപ്തരാക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് സഹായിക്കുന്ന അറിവും നൈപുണിയും നേടിയെടുക്കുന്നതിന് ഇത് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ശാക്തീകരണത്തിന്റെ നാല് പ്രധാന ഘടകങ്ങൾ താഴെ നൽകുന്നു.

i. വിവരലഭ്യത

ii. പൊതുവിഷയത്തിൽ ഉൾപ്പെടലും പങ്കാളിത്തവും

iii. പൊതുവ്യവഹാരങ്ങളിൽ വിശ്വാസ്യത

iv. പ്രാദേശിക സംഘാടന ശേഷി.

നിങ്ങൾക്ക് എങ്ങനെ ഒരു ശാക്തീകരിക്കപ്പെട്ട വ്യക്തിയെയോ സമൂഹത്തെയോ തിരിച്ചറിയാനാകും?

- അവർ........................................

ഒരു ശാക്തീകരിക്കപ്പെട്ട വ്യക്തിയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ പൊതുസവിശേഷതകൾ താഴെ പറയുന്നവയാണ്.

i. ലഭ്യമായ അവസരങ്ങൾ ഉപയോഗിച്ച് വ്യക്തിപരമായോ കൂട്ടായതോ ആയ സാഹചര്യങ്ങളിൽ തീരുമാനമെടുക്കുവാനുള്ള കഴിവ്.

ii. തീരുമാനമെടുക്കുന്നതിന് വിവരങ്ങളും വിഭവങ്ങളും ലഭ്യമാക്കുവാനുള്ള കഴിവ്.

iii. വളർച്ചാ പ്രക്രിയയിൽ പങ്കെടുക്കുന്നതിനും മാറ്റങ്ങളുണ്ടാക്കുന്നതിനുമുള്ള സ്വന്തം കഴിവിനെക്കുറിച്ച് ഗുണാത്മകമായി ചിന്തിക്കുക.

iv. സ്വന്തം പ്രതിഛായ വർദ്ധിപ്പിക്കുകയും ദുഷ്കീർത്തികളെ തരണം ചെയ്യുകയും ചെയ്യുക.

നമ്മുടെ സമൂഹത്തിൽ വിവിധതരം പാർശ്വവൽക്കരിക്കപ്പെട്ട ഗ്രൂപ്പുകളുണ്ട്. ഈ ഗ്രൂപ്പുകളെ എങ്ങനെ ശാക്തീകരിക്കാമെന്ന് നമുക്ക് ചർച്ച ചെയ്യാം.

**a. സ്ത്രീ ശാക്തീകരണം (Women Empowerment)**

ലോകജനസംഖ്യയുടെ പകുതി ഭാഗം സ്ത്രീകളാണ്. എന്നാൽ അവർക്ക് പുരുഷന്മാരുടേതുപോലെ തുല്യപദവി ലഭിക്കുന്നുണ്ടോ? എന്താണ് നിങ്ങളുടെ അഭിപ്രായം?

- ................................................................

വിവിധ കാരണങ്ങളാൽ നമ്മുടെ രാജ്യത്ത് സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്ല്യ പദവി ലഭിക്കുന്നില്ല. തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത ഈ അവസ്ഥ കുറച്ചുകൂടി വഷളാക്കുന്നു. ഈ പ്രശ്നം അതിജീവിക്കണമെങ്കിൽ സ്ത്രീകൾ ശാക്തീകരിക്കപ്പെടണം. എന്താണ് സ്ത്രീശാക്തീകരണമെന്ന് നിങ്ങൾക്ക് പറയാമോ ?



- ........................................................

വ്യക്തിപരമായ വികസനത്തെക്കുറിച്ച് സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാൻ സ്ത്രീകൾക്കുള്ളിൽ തന്നെയുള്ള കഴിവുകളെ വികസിപ്പിക്കുക എന്നതാണ് അടിസ്ഥാനപരമായി സ്ത്രീശാക്തീകരണമെന്ന് പറയുന്നത്. ശാക്തീകരണ പ്രക്രിയയിലൂടെ, അവരുടെ പരിമിതികൾ അതിജീവിക്കാൻ സ്ത്രീകൾ സഹായിക്കപ്പെടുന്നു. തത്ഫലമായി അവർ കൂടുതൽ ശക്തരാവുകയും കൂടുതൽ വിശാലമായ തലങ്ങളിലേക്ക് കഴിവുകൾ വ്യാപിപ്പിക്കുകയും ചെയ്യുന്നു.

## സ്ത്രീശാക്തീകരണത്തിന്റെ ആവശ്യകത

സ്ത്രീകൾ എന്തുകൊണ്ട് ശാക്തീകരിക്കപ്പെടണം?

- ..................................................................

താഴെ പറയുന്നവയിൽ മാറ്റങ്ങൾ ഉണ്ടാകുന്നതിനായി സ്ത്രീകൾ ശാക്തീകരിക്കപ്പെടണം.



- ലിംഗസമത്വം
- സാമ്പത്തിക സ്വാതന്ത്ര്യം
- ഫലപ്രദമായ തീരുമാനമെടുക്കൽ
- സുരക്ഷിതവും ഉൽപാദനപരവുമായ തൊഴിൽ ചുറ്റുപാട്.
- വിദ്യാഭ്യാസപരമായ തുല്ല്യത
- തുല്ല്യ അവസരം.
- സാമൂഹ്യ ദുഷ്കീർത്തി കുറയ്ക്കുക.

സ്ത്രീകൾക്ക് അവരുടെ വ്യക്തിപരവും ഔദ്യോഗികപരവുമായ ജീവിതത്തിൽ വിജയം നേടുവാനും അവകാശം ഉണ്ട്. അവർ ശാക്തീകരിക്കപ്പെട്ടാൽ മാത്രമേ ഇത് സംഭവിക്കുകയുള്ളു. ഇവിടെയാണ് സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം കുടികൊള്ളുന്നത്.

നമുക്കെങ്ങനെ സ്ത്രീകളെ ശാക്തീകരിക്കാൻ കഴിയും?

- ..................................................................

സ്ത്രീശാക്തീകരണത്തിനായി താഴെ പറയുന്ന മാർഗങ്ങൾ അവലംബിക്കാം

i. വിദ്യാഭ്യാസവും ബോധവൽക്കരണവും

ii. ദാരിദ്ര്യനിർമ്മാർജനം

iii. മാനവികതയിലും നീതിയിലും ഊന്നിയ സമീപനം

iv. സ്ത്രീകളുടെ ചലനാത്മകതയും സ്വാതന്ത്ര്യവും സാമൂഹ്യ ഇടപെടലുകളും മെച്ചപ്പെടുത്തൽ

v. തൊഴിൽ പങ്കാളിത്തം മെച്ചപ്പെടുത്തൽ

vi. ലഘു സമ്പാദ്യവും മറ്റു വരുമാനദായക പരിപാടികളും

vii. വിഭവങ്ങളുടെ ലഭ്യതയും നിയന്ത്രണവും

viii തീരുമാനങ്ങളെടുക്കുന്നതിലുള്ള പങ്കാളിത്തം

ix. ഭരണത്തിലും ഭരണനിർവ്വഹണത്തിലുമുള്ള പ്രാതിനിധ്യം

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. ശാക്തീകരണംകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
2. ശാക്തീകരണത്തിന്റെ ഘടകങ്ങൾ എന്തെല്ലാമാണ്?

**b. ഗോത്രവംശങ്ങളുടെ ശാക്തീകരണം (Empowerment of ethnic groups)**

താഴെകൊടുത്ത ചിത്രം നിരീക്ഷിക്കൂ



ചിത്രത്തിൽ നിന്ന് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു? ഗോത്രവംശങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ്?

- ..............................................................

ഗോത്രവംശങ്ങൾക്ക് അവരുടേതായ സംസ്കാരവും, ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും പാരമ്പര്യങ്ങളും ഉണ്ട്. തദ്ദേശിയമായ ചുറ്റുപാടുകളിൽ ജീവിക്കുന്നവരും ബാഹ്യപ്രകൃതിയിൽ വ്യത്യസ്തരുമാണവർ. ഗോത്രവർഗക്കാരുടെ അതുല്യമായ ജീവിതരീതികളെ സംരക്ഷിച്ചുകൊണ്ട് തന്നെ അവരുടെ ശാക്തീകരണം നേടിയെടുക്കാൻ സാധ്യമാണ്. ഗോത്രവർഗങ്ങളുടെ ശാക്തീകരണം സാധ്യമാകുമ്പോൾ തന്നെ അവരുടെ തനതായ ജീവിതരീതികളെ സംരക്ഷിക്കേണ്ടതുമുണ്ട്. ഗോത്രവർഗത്തിന്റെ വികാസത്തിനുള്ള ചില പരിമിതികൾ ചുവടെ ചേർക്കുന്നു.

i. നിർബന്ധിത ഒറ്റപ്പെടൽ

ii. അവഗണന

iii. രാഷ്ട്രീയ ശക്തിയില്ലായ്മ

iv. പൊതുസമൂഹത്തിൽ നിന്നുള്ള അകൽച്ച (അന്യവൽക്കരണം)

v. തദ്ദേശീയമായ ഉൽപാദനോപാധികൾ

vi. തദ്ദേശീയ സമ്പ്രദായങ്ങളും അന്ധവിശ്വാസങ്ങളും

എങ്ങനെ അവർക്ക് ഇത്തരം പരിമിതികളിൽ നിന്ന് സ്വതന്ത്രരാകാം?

- ..............................................................

വിദ്യാഭ്യാസം, ആരോഗ്യം, രാഷ്ട്രീയം മുതലായ വ്യത്യസ്ത മേഖലകളിൽ അവർ ശാക്തീകരിക്കപ്പെടണം. ഗോത്രവംശങ്ങളെ താഴെ പറയുന്ന കാര്യങ്ങൾ അവർക്ക് നൽകികൊണ്ട് ശാക്തീകരിക്കാൻ കഴിയും.

i. വിദ്യാഭ്യാസം

ii. ശരിയായ ആരോഗ്യ-ശുചിത്വ കാര്യങ്ങളിൽ ബോധവൽക്കരണം

iii. അവരുടെ മൂല്യങ്ങൾ, തനിമ, ആധികാരികത എന്നിവയിൽ വിട്ടുവീഴ്ച ചെയ്യാതെയുള്ള സാമ്പത്തിക സ്വാതന്ത്ര്യത്തിനുള്ള ഉപാധികൾ

iv. മുഖ്യധാരാ രാഷ്ട്രീയത്തിൽ പങ്കാളിത്തം.

ഗോത്രവംശങ്ങളുടെ അന്തസ് നിലനിർത്തുന്നതിനും അവരുടെ ഭാഷയും അതുല്യമായ ആന്തരിക സമ്പ്രദായങ്ങൾ സംരക്ഷിക്കുന്നതിനും അവരുടേതായ ചട്ടക്കൂട്ടിൽ ജീവിതം തുടരുന്നതിനും സ്വയംഭരണാധികാരം നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

**c. കർഷക സമൂഹത്തിന്റെ ശാക്തീകരണം (Empowering Farming Community)**

താഴെതന്നിട്ടുള്ള കണക്കുകൾ നിരീക്ഷിക്കൂ

**തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിലെ കർഷക ആത്മഹത്യ വാർഷിക ശരാശരി 1995-2002 & 2003-2010**

| സംസ്ഥാനം | കർഷക ആത്മഹത്യ വാർഷിക ശരാശരി | | വ്യത്യാസം (2-ാം ശരാശരി – 1-ാം ശരാശരി 1) |
|---|---|---|---|
| | 1995 - 2002 | 2003 - 2010 | |
| ആന്ധ്രാപ്രദേശ് | 1590 | 2301 | + 711 |
| ആസ്സാം | 155 | 291 | + 135 |
| കർണാടക | 2259 | 2123 | – 136 |
| കേരളം | 1292 | 1071 | – 221 |
| മദ്ധ്യപ്രദേശ് + ഛത്തീസ്ഗഡ് | 2304 | 2829 | + 525 |
| മഹാരാഷ്ട്ര | 2508 | 3802 | + 1294 |
| തമിഴ്നാട് | 992 | 866 | – 126 |
| ഉത്തർപ്രദേശ് | 640 | 531 | – 109 |
| പശ്ചിമബംഗാൾ | 1426 | 990 | – 436 |

*രണ്ട് കാലയളവിലേയും 100 ലധികം താഴ്ന്ന നിരക്കോ ഉയർന്ന നിരക്കോ വരുന്ന കർഷക ആത്മഹത്യകളേ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. മദ്ധ്യപ്രദേശും ഛത്തീസ്ഗഢും ഒരു യൂണിറ്റായാണ് കണക്കാക്കിയിട്ടുള്ളത്.*

*ഉറവിടം: 1995-2010 ലെ ഇന്ത്യയിലെ അപകട മരണങ്ങളും ആത്മഹത്യയും, NCRB യുടെ റിപ്പോർട്ട്*

എന്തുകൊണ്ടാണ് കർഷകർ ആത്മഹത്യ ചെയ്യുന്നത്?

- കടം
- അസുഖങ്ങൾ
- വിള നഷ്ടം

കർഷക സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

- ..................................................................

കർഷക സമൂഹം നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- മദ്ധ്യവർത്തികളുടെ ചൂഷണം
- കാലാവസ്ഥാ വ്യതിയാനവും മോശമായ ഉൽപാദനവും
- കടം
- വളം, മറ്റു സാമഗ്രികൾ എന്നിവയുടെ ഉയർന്നവില
- വായ്പാ സൗകര്യങ്ങളുടെ കുറവ്
- വിള നഷ്ടവും വിള ഇൻഷുറൻസിന്റെ അപര്യാപ്തതയും
- കാലഹരണപ്പെട്ട സാങ്കേതികവിദ്യ
- ചെറുകിട ഭൂ ഉടമസ്ഥത
- കുത്തകകളുമായുള്ള മത്സരം



സമൂഹത്തിന്റെ നട്ടെല്ലാണ് കർഷകർ. സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയിൽ അവർ കാതലായ പങ്കുവഹിക്കുന്നു. അവരിൽ കൂടുതൽ പേരും മോശമായ സാമൂഹ്യ- സാമ്പത്തിക അവസ്ഥയിലാണ് ജീവിക്കുന്നത്. അതിൽ പലരും ജീവിക്കുവാനായി ബുദ്ധിമുട്ടുകയും നഗരപ്രദേശങ്ങളിലെ തൊഴിലവസരങ്ങൾ പിന്തുടരുന്നതിനായി കാർഷികവൃത്തി ഉപേക്ഷിക്കുകയും ചെയ്യുന്നു. സർക്കാർ സാമ്പത്തികാനുകൂല്യങ്ങളും മറ്റ് ആശ്വാസ സഹായങ്ങളും നൽകുന്നുവെങ്കിലും അടിസ്ഥാനാവശ്യങ്ങൾ പോലും ലഭിക്കാതെ ധാരാളം കർഷകർ ദരിദ്രരായി കഴിയുന്നു. പ്രകൃതിക്ഷോഭങ്ങളും വിളവിന്റെ പരാജയവും അവരുടെ ജീവിതത്തെ ബാധിക്കുന്നു.

ഈ ചിത്രം എന്താണ് നിങ്ങളോട് പറയുന്നത്? അവർക്ക് വേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിയും?

- ..................................................................

സർക്കാരിന് സാമ്പത്തിക സഹായങ്ങളും സബ്സിഡികളും കടാശ്വാസങ്ങളും മറ്റും നൽകികൊണ്ട് കർഷകരെ സഹായിക്കാൻ കഴിയും.

ചെറുകിട കർഷകരുടെ നിർഭാഗ്യകരമായ അവസ്ഥ നമ്മുടെ ഒരു പരിഗണനാ വിഷയമാണ്. അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ലാഭകരമാക്കുക വഴി നമ്മുടെ വർദ്ധിച്ചുവരുന്ന ഭക്ഷണാവശ്യങ്ങളുടെ ലഭ്യതയും അതിനുള്ള ചിലവുകളും നേരിടുവാൻ സാധിക്കും. തങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സ്വാശ്രയത്വവും സൗകര്യപ്രദവും സുസ്ഥിരവുമായ പരിഹാരങ്ങൾ കർഷക സമൂഹത്തിന് ആവശ്യമായിരിക്കുന്നു. കൃഷിയുടെ ആധുനിക സാങ്കേതിക വിദ്യകൾ, അത്യുൽപാദന ശേഷിയുള്ള

വിത്തിനങ്ങൾ, ജലസേചന സൗകര്യങ്ങൾ, കാർഷിക ഉപകരണങ്ങൾ, വായ്പാ സൗകര്യങ്ങൾ, സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ, വിള ഇൻഷുറൻസ്, മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് സ്വതന്ത്രരാകുവാൻ ശരിയായ കച്ചവട തന്ത്രങ്ങൾ എന്നിവയ്ക്ക് കർഷകരെ സജ്ജരാക്കണം. അവരുടെ പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിക്കുകയും ചെയ്യണം.

താഴെ പറയുന്നവ കർഷകരുടെ ശാക്തീകരണത്തിന് സഹായിക്കും.

- ശാസ്ത്രീയ കാർഷിക സമ്പ്രദായങ്ങളിൽ ഉള്ള പരിശീലനം
- കൂട്ടുകൃഷിയും വിഭവസഞ്ചയനവും (Resource pooling)
- സഹകരണ കാർഷിക ചന്തകൾ രൂപീകരിക്കൽ
- സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കൽ
- ഇ-കൃഷി (വിപണനം)
- വിള ഇൻഷുറൻസും താങ്ങ് വിലയും

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. ഗോത്രവംശത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.
2. കർഷകരെ ശാക്തീകരിക്കുന്നതിന് ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**നമുക്ക് പ്രവർത്തിക്കാം**



*കർഷകരേയും സ്ത്രീകളേയും ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുക. ഏതെങ്കിലും ഒരു പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെകുറിച്ച് പഠിക്കുകയും സ്കൂൾ മാഗസിനിലേക്ക് ഒരു ലേഖനം തയ്യാറാക്കുകയും ചെയ്യുക.*

## 4.5. സാമൂഹ്യ മൂലധനം (Social Capital)

ഒരു കള്ളൻ നിങ്ങളുടെ വീട്ടിൽ നിന്നും ചിലത് മോഷ്ടിക്കാൻ ശ്രമിക്കുന്നത് കണ്ടുകൊണ്ടാണ് നിങ്ങൾ ഉണർന്നതെന്ന് കരുതുക, എന്തായിരിക്കും നിങ്ങളുടെ പ്രതികരണം?

- ................................................................

മിക്കവാറും നിങ്ങൾ ഉറക്കെ ഒച്ചവെക്കും. അല്ലെങ്കിൽ അയൽപക്കക്കാരെ വിളിക്കും.നിങ്ങളുടെ അയൽപക്കക്കാർ എന്തുചെയ്യും?അവർ വന്ന് നിങ്ങളെ സഹായിക്കാനെന്താണ് കാര്യം?

- ................................................................

അവർ നിങ്ങളെ സഹായിക്കാനായി ഓടിവരികയും കള്ളനെ പിടിക്കുകയോ പുറകെ ഓടുകയോ ചെയ്യും. ഇത്തരത്തിലുള്ള ശ്രദ്ധയും സഹായവും എല്ലാ സമൂഹത്തിലും കാണാവുന്നതാണ്. ഇത് പരസ്പര നേട്ടത്തിനായി ഉപയോഗിക്കാവുന്നതും, വളരെ പ്രധാനപ്പെട്ടതുമായ വിഭവമാണ്. ഇതിനെ സാമൂഹ്യ മൂലധനമെന്ന് പറയുന്നു.

ഒരു പൊതു ഉദ്ദേശ്യത്തിനുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കുവാനുള്ള ജനങ്ങളുടെ കഴിവാണ് സാമൂഹ്യ മൂലധനം എന്ന് പറയുന്നത്.

ലളിതമായി പറഞ്ഞാൽ, ജനങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും സാധ്യമാക്കുന്ന, സമൂഹത്തിൽ നിലനിൽക്കുന്നവയും പരസ്പരം പങ്കുവെക്കപ്പെടുന്നതുമായ അനൗപചാരിക മൂല്യങ്ങളോ പെരുമാറ്റങ്ങളോ ആണ് സാമൂഹ്യ മൂലധനം. സാമൂഹ്യ മൂലധനമെന്നാൽ വെറുമൊരു ഊഷ്മളമായ സൗഹൃദാനുഭവത്തേക്കാളുപരി സാമൂഹ്യ ബന്ധങ്ങളിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന വിശ്വാസം, പാരസ്പര്യം, സഹകരണം തുടങ്ങിയ സാമൂഹ്യ മൂല്യങ്ങളുടെ കൂട്ടായ്മയാണ്. സാമൂഹ്യ മൂലധനം പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട ജനങ്ങളിൽ മൂല്യങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുന്നു. അയൽപക്കക്കാർ അനൗപചാരികമായി മറ്റുവീടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിരീക്ഷിക്കുന്നത് സാമൂഹ്യ മൂലധനത്തിന്റെ ഉദാഹരണമാണ്. സൗഹൃദ കൂട്ടായ്മ, അയൽപക്കം, വിദ്യാലയം, ഭവന സംഘങ്ങൾ തുടങ്ങിയവയിൽ സാമൂഹ്യ മൂലധനം കാണാവുന്നതാണ്. താഴെ ചിത്രീകരിച്ച വിധം സാമൂഹ്യ മൂലധനം വിവിധ ദിശകളിൽ പ്രവർത്തിക്കുന്നു.




സാമൂഹ്യ പ്രവർത്തനത്തിലൂടെ സാമൂഹ്യ മൂലധനത്തെ വർദ്ധിപ്പിക്കുന്നതിനും അതുവഴി സമൂഹം സ്വയംസഹായിക്കുന്നതിന് പ്രാപ്തമാവുകയും ചെയ്യും.

### 4.6. സാമൂഹ്യ നിയമനിർമ്മാണം (Social Legislation)

'ഇന്ത്യയിൽ സ്ത്രീധനം നിരോധിച്ചിരിക്കുന്നു; ആയതുകൊണ്ട് ആരെങ്കിലും സ്ത്രീധനം വാങ്ങിക്കുകയോ നൽകുകയോ ചെയ്താൽ, അവൻ/അവൾ ശിക്ഷിക്കപ്പെടും'

ഏത് നിയമമാണ് സ്ത്രീധന സമ്പ്രദായത്തെ നിരോധിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ?

- ......................................................................

1961 ലെ സ്ത്രീധന നിരോധന നിയമം സ്ത്രീധനം ഏതെങ്കിലും രൂപത്തിൽ നൽകുകയോ വാങ്ങുകയോ ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. സമൂഹത്തിലെ ദുരാചാരങ്ങൾക്ക് കടിഞ്ഞാണിടുന്ന മറ്റ് ഏതെങ്കിലും നിയമം നിങ്ങൾക്കറിയാമോ ?

- ......................................................................

ബാല അപചരണം, കുറ്റകൃത്യങ്ങൾ, സാമൂഹ്യ-സാമ്പത്തിക അനീതികൾ, സാമൂഹ്യ ഉച്ചനീചത്വങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കുമെതിരെയുള്ള അക്രമം തുടങ്ങിയ പ്രശ്നങ്ങളെല്ലാം നിയമ നിർമ്മാണത്തിലൂടെ കൈകാര്യം ചെയ്യണം. ഇതുപോലുള്ള സാമൂഹ്യ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും നിയമങ്ങൾ രൂപീകരിക്കുന്നതിനെയാണ് സാമൂഹ്യ നിയമ നിർമ്മാണം എന്ന് പറയുന്നത്.

സമൂഹത്തിന് പ്രത്യേക സുരക്ഷിതത്വവും പ്രയോജനവും നൽകും വിധത്തിലുള്ള നിയമങ്ങളാണ് സാമൂഹ്യ നിയമങ്ങൾ. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയിൽ പുതിയ പ്രശ്നങ്ങളോ ആവശ്യങ്ങളോ ഉയർന്ന് വരുമ്പോൾ സാമൂഹ്യക്രമം ഉറപ്പാക്കാൻഅതിന് അനുയോജ്യമായ സാമൂഹ്യ നിയമനിർമ്മാണം ആവശ്യമായി വരുന്നു. സാമൂഹ്യ ജീവിതത്തിൽ മനുഷ്യ സ്വഭാവത്തെ നിയന്ത്രിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനുമുള്ള ഔപചാരിക ഉപാധികളാണ് സാമൂഹ്യ നിയമങ്ങൾ.

> **നിങ്ങൾക്കറിയാമോ?**
>
> **ചില സാമൂഹ്യ നിയമങ്ങൾ**
>
> - അസാൻമാർഗിക വ്യവഹാരങ്ങൾ (തടയൽ) നിയമം (PITA), 1956
> - ബാലവേല നിരോധന-നിയന്ത്രണ നിയമം, 1986
> - സ്ത്രീധന നിരോധന നിയമം, 1961
> - ഉപഭോക്തൃ സംരക്ഷണ നിയമം, 1986
> - ബാല നീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) നിയമം 2000
> - ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, 2005
> - വിവരാവകാശ നിയമം, 2005
> - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2005
> - ശൈശവ വിവാഹ നിരോധന നിയമം, 2006
> - കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2009
> - കുട്ടികളെ ലൈംഗിക അതിക്രമത്തിൽ നിന്നും സംരക്ഷിക്കുന്ന നിയമം, 2012
> - ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013

'ചില സാമൂഹ്യ തിന്മകൾ ഇല്ലാതാക്കുന്നതിനോ, സാമൂഹ്യ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനോ സാമൂഹ്യ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനോ നിയമനിർമാണ സമിതി പാസാക്കുന്ന നിയമമോ സർക്കാർ പുറത്തിറക്കുന്ന ഉത്തരവുകളോ ആണ് സാമൂഹ്യ നിയമം' എന്ന് ഡോ.ആർ.എൻ സക്സേന സാമൂഹ്യ നിയമ നിർമ്മാണത്തെ നിർവ്വചിക്കുന്നു.സാമൂഹ്യ നിയമനിർമാണത്തിന് രണ്ട് പ്രധാന ഘടകങ്ങളുണ്ട്.

a. രൂപീകരണം (Formulation)

b. നിർവഹണം (Enforcement)

ജനാധിപത്യ രാഷ്ട്രങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ദേശീയസമിതികളിലും പാർലമെന്റിലും രാജ്യസഭയിലും നിയമങ്ങൾ രൂപീകരിക്കുകയും നിർദ്ദേശിക്കുകയും ചെയ്യുന്നു. നിയമനിർവഹണവും തുല്ല്യ പ്രാധാന്യമുള്ളതാണ്. അശക്തമായതും അഴിമതിനിറഞ്ഞതുമായ നിയമ നിർവഹണം നിയമങ്ങളുടെ ഉദ്ദേശത്തെ തന്നെ ചോദ്യം ചെയ്യുന്നു. പോലീസ്, നീതിന്യായ കോടതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നിയമ നിർവഹണത്തിനുള്ള സംവിധാനങ്ങളാണ്.

### A. മൗലികാവകാശങ്ങളും മാർഗ നിർദ്ദേശകതത്വങ്ങളും

ഇന്ത്യക്കാരെന്ന നിലയിൽ നാം മഹത്തായ ജനാധിപത്യ പാരമ്പര്യത്തിന്റെ ഭാഗവും ഭരണഘടന ഉറപ്പ് നൽകുന്ന ചില അവകാശങ്ങൾ ആസ്വദിക്കുന്നവരുമാണ്. അവ എന്തൊക്കെയാണ്?

- ..........................................................................

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതും ഉറപ്പ് നൽകുന്നതുമായ ഇന്ത്യക്കാരുടെ അവകാശങ്ങളും സ്വാതന്ത്ര്യവുമാണ് മൗലികാവകാശങ്ങൾ. ഇന്ത്യയുടെ സുപ്രീം കോടതിയും ഹൈക്കോടതികളും മൗലികാവകാശങ്ങൾ നടപ്പിലാക്കുന്നതിന് അധികാരമുള്ളവരാണ്. സുപ്രീം കോടതിയാണ് മൗലീകാവകാശങ്ങളുടെ സംരക്ഷകൻ. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ താഴെ പറയുന്നവയാണ്.

1. തുല്യതക്കുള്ള അവകാശം (പ്രമാണം 14-18)
2. സ്വാതന്ത്ര്യത്തിനുള്ള അവകാശം (പ്രമാണം 19-22)
3. ചൂഷണത്തിനെതിരെയുള്ള അവകാശം (പ്രമാണം 23-24)
4. മത സ്വാതന്ത്ര്യത്തിനുള്ള അവകാശം (പ്രമാണം 25-28)
5. സാംസ്കാരികവും വിദ്യാഭ്യാസപരമായ അവകാശങ്ങൾ (പ്രമാണം 29-30)
6. ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം (പ്രമാണം 32)

**നിങ്ങൾക്കറിയാമോ?**

**നമ്മുടെ ഭരണഘടന............**

- ലോകത്തെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ്.
- 395 പ്രമാണങ്ങളും 12 പട്ടികകളും അടങ്ങിയിരിക്കുന്നു.
- പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം.
- ജനപ്രാതിനിധ്യ സർക്കാർ.
- ഭാഗീകമായി കർക്കശവും ഭാഗീകമായി അയവുള്ളതും
- മൗലികാവകാശങ്ങളും മൗലിക ഉത്തരവാദിത്വങ്ങളും.
- മാർഗനിർദ്ദേശക തത്വങ്ങൾ.

മൗലികാവകാശങ്ങൾ നിയമ സാധുതയുള്ളതും അന്യാധീനപ്പെടുത്താനാകാത്തവയുമാണ്. അവ ജനങ്ങൾക്ക് സംരക്ഷണവും സ്വാതന്ത്ര്യവും നൽകുന്നു. മൗലികാവകാശങ്ങളെ കൂടാതെ ഇന്ത്യൻ ഭരണഘടന ചില പ്രത്യേക മാർഗനിർദേശകതത്വങ്ങളും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ വ്യവസ്ഥകൾ നിയമ സാധുത ഇല്ലാത്തവയാണെങ്കിലും ക്ഷേമ രാഷ്ട്രത്തിന് പ്രധാനമാണ്.

നിങ്ങൾക്ക് ചില ഉദാഹരണങ്ങൾ പ്രതിപാദിക്കാമോ?

- ..........................................................................

എല്ലാവർക്കും സാമൂഹ്യ സുരക്ഷ, മെച്ചപ്പെട്ട നിലവാരത്തിലുള്ള ആരോഗ്യം, പരിചരണം എന്നിവ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സാമ്പത്തിക രംഗത്ത് സ്ഥിതി സമത്വവ്യവസ്ഥ അവതരിപ്പിച്ചുകൊണ്ടാണ് നിർദ്ദേശക തത്വങ്ങൾ ഇന്ത്യയെ ഒരു ക്ഷേമ രാഷ്ട്രമായി മാറ്റാൻ സഹായിക്കുന്നത്. സ്ത്രീകൾ, കുട്ടികൾ, പിന്നോക്കം നിൽക്കുന്ന ആദിവാസികൾ തുടങ്ങിയവരോടുള്ള ഉത്തരവാദിത്തങ്ങൾക്ക് അത് ഊന്നൽ നൽകു

ന്നു. അതിനാൽ നിർദ്ദേശകതത്വങ്ങൾ 'സർക്കാരിന് അതിന്റെ മുഴുവൻ പ്രവർത്തന ങ്ങൾക്കും ഒരു മാർഗ്ഗസ്തംഭമായും വഴികാട്ടിയായും' നിലകൊള്ളുന്നു.

സാമൂഹ്യ നിയമങ്ങൾ എല്ലായ്പ്പോഴും ജനങ്ങളുടെ ക്ഷേമം പ്രോൽസാഹിപ്പിക്കുന്നു. മാർഗ്ഗ നിർദ്ദേശക തത്വങ്ങളെ പിന്തുടരുക വഴി അത് ജനങ്ങളുടെ താൽപര്യങ്ങളെ സംര ക്ഷിക്കുകയും മൗലികാവകാശങ്ങളെ ഉറപ്പാക്കുകയും ചെയ്യുന്നു. ചരിത്ര പ്രാധാന്യമുള്ള ചില സാമൂഹ്യ നിയമങ്ങളുണ്ട്. ബാലവേല നിരോധന നിയമം (1986), വിദ്യാഭ്യാസാ വകാശ നിയമം (2009), വിവരാവകാശ നിയമം (2005), ഗാർഹിക പീഡന നിരോധന നിയമം (2005) തുടങ്ങിയ ഇത്തരം പ്രധാനപ്പെട്ട ചില നിയമങ്ങൾ നമുക്ക് ചർച്ചചെയ്യാം.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ നിയമമെന്ന സങ്കൽപ്പം വിവരിക്കുക.
2. മൗലികാവകാശങ്ങളും മാർഗനിർദ്ദേശക തത്വങ്ങളും തമ്മിലുള്ള വ്യത്യാസം പ്രതി പാദിക്കുക.

## B. ബാലവേല (നിരോധന-നിയന്ത്രണ) നിയമം (1986)

താഴെ കൊടുത്തിരിക്കുന്ന ചിത്രം കാണുക. കുട്ടികൾ ജോലി ചെയ്യുന്നതാണ് കാണു ന്നത്. നിങ്ങളുടെ പ്രദേശത്തോ ചുറ്റുപാടുക ളിലോ ഇതുപോലുള്ള ബാലവേലകൾ ശ്രദ്ധി ച്ചിട്ടുണ്ടോ?



ദാരിദ്ര്യം, സാമ്പത്തിക പിന്നോക്കാവസ്ഥ, നിരക്ഷരത, കുടുംബത്തകർച്ച എന്നിവപോ ലുള്ള സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങ ളുടെ അനന്തരഫലമാണ് ബാലവേല.

കുട്ടികളെ നിർബന്ധിച്ച് ശാരീരിക ജോലി ചെയ്യിപ്പിച്ചാൽ എന്ത് സംഭവിക്കും?

അവരുടെ അവകാശങ്ങൾ നിഷേധിക്ക പ്പെടും; അവരുടെ വികസനത്തിന് അനുകൂല മായ സാഹചര്യങ്ങൾ സജ്ജീകരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. 18 ഇനം തൊഴിലുകളിലും 65 തൊഴിൽ സംബന്ധമായ പ്രക്രിയകളിലും 14 വയസ്സിന് താഴെയുള്ള കുട്ടികൾ ഏർപ്പെടുന്നത് ഈ നിയമം നിരോധിക്കുന്നു. വീട്ടുജോലിക്കാരായും തട്ടുകടക ളിലും ഭക്ഷണശാലകളിലും ചായക്കടകളിലും ജോലിക്കാരായും കുട്ടികളെ നിർത്തു ന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്.

ദേശീയ ബാലവേല നയം ബാലവേല ചെയ്യുന്ന കുടുംബങ്ങളുടെ പൊതുവായ വിക സന പരിപാടികളിലും ബാലവേല കൂടുതലുള്ള പ്രദേശങ്ങളിൽ പദ്ധതി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഊന്നൽനൽകുന്നു.

ഇന്ത്യാ ഗവൺമെന്റ് ദേശീയ ബാലവേല പദ്ധതി (National Child Labour Project (NCLP)) നടപ്പിലാക്കുന്നു. ജോലികളിൽനിന്നും രക്ഷപ്പെടുത്തുകയോ വിടുതൽനേടു കയോ, ചെയ്യുന്ന കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കുകയും അതുവഴി വിദ്യാഭ്യാസം,

തൊഴിൽ പരിശീലനം, പോഷകാഹാരം, പരിശീലന കാലത്തേക്കുള്ള വേതനം, ആരോഗ്യ സംരക്ഷണം തുടങ്ങിയവ നൽകി ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ അവകാശത്തിന്റെ കൃത്യമായ നിർവ്വഹണം ബാലവേല നിയന്ത്രണത്തിന് കടിഞ്ഞാണിടാനുള്ള ഗുണകരമായ ഒരു ചുവടുവെപ്പാണ്.

## C. വിദ്യാഭ്യാസാവകാശ നിയമം (Right to Education Act)



തെരുവുകളിൽ പാഴ്‌വസ്തുക്കൾ പെറുക്കിയെടുക്കുന്ന കുട്ടികളെ നിങ്ങൾ കണ്ടിട്ടുണ്ടോ? രക്ഷിതാക്കളുടെ കൂടെ ഭിക്ഷയാചിച്ചിരിക്കുന്ന കുട്ടികളെ കണ്ടിട്ടുണ്ടോ? ഈ പ്രായത്തിൽ അവർ എന്ത് ചെയ്യണമെന്നാണ് നിങ്ങൾ കരുതുന്നത്?

- ............................................

അവരെപോലുള്ള ധാരാളം കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ലഭിക്കുന്നില്ല. അങ്ങനെ അവരുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. മൗലികാവകാശമെന്ന നിലയിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കേണ്ടതുണ്ട്. ഈ അവകാശം ഉറപ്പുവരുത്തുന്നതിനായുള്ള ഒരു ചുവടുവെപ്പാണ് വിദ്യാഭ്യാസ അവകാശ നിയമം. കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ നിയമം 2009, പ്രാബല്യത്തിൽ വന്നത് 2010 ഏപ്രി ൽ 1 ലാണ്. ഈ നിയമത്തിൽ ആവശ്യ മാനദണ്ഡങ്ങളും നിലവാരവും ഉറപ്പാക്കുന്ന ഔപചാരിക സ്കൂളിൽ തുല്യ ഗുണനിലവാരമുള്ളതും സംതൃപ്തവുമായ മുഴുവൻ സമയ പ്രാഥമിക വിദ്യാഭ്യാസം നേടുവാനുള്ള അവകാശം ഓരോ കുട്ടിക്കുമുണ്ട്.

**നിങ്ങൾക്കറിയാമോ?**

- സ്വകാര്യ സ്കൂളുകൾ പിന്നോക്ക വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കായി 25% സീറ്റുകൾ നീക്കിവക്കണമെന്ന് വിദ്യാഭ്യാസ അവകാശ നിയമം ആവശ്യപ്പെടുന്നു.
- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കും വരെ ഒരുകുട്ടിയും പഠനം നിർത്തുകയോ പുറത്താക്കപ്പെടുകയോ ഒരു ബോർഡ് പരീക്ഷ പാസാകാൻ ആവശ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.
- ഇടയ്ക്കു പഠനം നിർത്തിയ കുട്ടികളെ സമപ്രായക്കാരായ വിദ്യാർത്ഥികളോടൊപ്പമെത്തിക്കാൻ പ്രത്യേക പരിശീലനത്തിനുള്ള അവസരം നൽകണം.
- സ്കൂൾ പശ്ചാത്തല സൗകര്യങ്ങൾ, വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം എന്നിവ മെച്ചപ്പെടുത്താനുള്ള അവസരം.
- ശാരീരിക ശിക്ഷ, മാനസിക പീഡനം, പ്രവേശന പരീക്ഷകൾ, അഭിമുഖം, മൂലധന പണം, അദ്ധ്യാപകരുടെ സ്വകാര്യ ക്ലാസുകൾ, അംഗീകാരമില്ലാത്ത സ്കൂൾ സ്ഥാപനങ്ങൾ എന്നിവ നിരോധിച്ചിരിക്കുന്നു.

സർക്കാരും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും 6 നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാലയത്തിലേക്കുള്ള സൗജന്യ പ്രവേശനം, കുട്ടികളുടെ ക്രമമായ സാന്നിദ്ധ്യം, പ്രാഥമിക വിദ്യാഭ്യാസ പൂർത്തീകരണം എന്നിവ ഉറപ്പ് വരുത്തണമെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഇത് വഴി ഇന്ത്യ അവകാശാധിഷ്ഠിത സമീപനത്തിലേക്ക് മുന്നേറുകയും കുട്ടികളുടെ മൗലികാവകാശങ്ങൾ നടപ്പിലാക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കർത്തവ്യമാക്കുകയും ചെയ്തു.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. ബാലവേല നിരോധന നിയമം പാസാക്കിയ വർഷം സൂചിപ്പിക്കുക.
2. വിദ്യാഭ്യാസാവകാശ നിയമത്തിന്റെ ഏതെങ്കിലും 3 വ്യവസ്ഥകൾ ചൂണ്ടിക്കാണിക്കുക.

### D. ഗാർഹിക പീഡന നിരോധന നിയമം

മീരയുടെ ഡയറിയിലെ ഒരു ഭാഗം വായിക്കൂ.

**2013 November**

**Friday 01**

കാലത്ത് 4 മണിക്ക് എഴുന്നേറ്റു. മുറ്റമടിച്ച്, കാലത്ത് 6 മണിക്ക് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും തയ്യാറാക്കി. ഉപ്പ്മാവിൽ ഉപ്പ് കൂടിയതിന് ഭർത്താവ് തല്ലി, അമ്മായിയമ്മ കുട്ടികൾക്ക് മുന്നിൽവച്ച് ചീത്ത പറഞ്ഞു. അവർ സ്ത്രീധനത്തിന്റെ ബാക്കിക്കുവേണ്ടി എന്നെ പരിഹസിക്കുമായിരുന്നു..... രാത്രി 11.30 ന് ഭർത്താവ് വീട്ടിൽവന്നു. അദ്ദേഹം മദ്യപിച്ചിരുന്നു. പാത്രങ്ങൾ മുഖത്തെറിഞ്ഞും തൊഴിച്ചും തള്ളിയും മറ്റൊരു പീഡനപരമ്പര വീണ്ടും. ഓ...... എന്റെ ദൈവമേ! എനിക്കിനിയൊന്നും സഹിക്കാനാകില്ല...... ഞാൻ മരിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചു.

വീട്ടിലെ സംഘർഷം നിറഞ്ഞ അവസ്ഥയാൽ മീര മാനസിക പിരിമുറുക്കത്തിലാണ്. നമുക്ക് മീരയെ എങ്ങനെ സഹായിക്കാം?

- ....................................................................

ഇത്തരം സംഭവങ്ങൾ അപൂർവ്വമല്ല. ആയിരക്കണക്കിന് മീരമാർ ഇതുപോലെ വിവിധതരം മോശമായ അനുഭവങ്ങൾക്കും അക്രമങ്ങൾക്കും ഇരയായികൊണ്ട് നമുക്ക് ചുറ്റുമുണ്ടാകും. നമുക്കവരെ നിയമപരമായി സഹായിക്കാനാകും. നമ്മുടെ ഭരണഘടന സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ നിലകൊള്ളുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെയായി ഇന്ത്യയിൽ സ്ത്രീകൾ നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഗാർഹിക അക്രമങ്ങൾ. തങ്ങളുടെ ഭർത്താവിന്റെ ആളുകളിൽ നിന്ന് മാത്രമല്ല ജീവിത പങ്കാളിയിൽ നിന്നും മിക്കവാറും ശാരീരിക-മാനസിക അക്രമങ്ങൾ അവർ അനുഭവിക്കുന്നു.

സ്ത്രീയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് പ്രയാസമോ ക്ഷതങ്ങളോ സംഭവിക്കാൻ കാരണമായ ഉപദ്രവങ്ങൾ, അവളുടെ ജീവിതവും സുരക്ഷയും അടിയറവ് വയ്ക്കേണ്ടിവരികയോ സ്ത്രീധനത്തിനോ മറ്റ് നിയമവിരുദ്ധ ആവശ്യങ്ങൾക്കോ വേണ്ടിയുള്ള ഉപദ്രവങ്ങൾ, അപകടങ്ങൾക്കോ മുറിവുകൾക്കോ കാരണമായേക്കാവുന്ന ഭീഷണികൾ എന്നിവയെ ഗാർഹിക പീഡനം എന്ന് നിർവ്വചിക്കാം.

സ്ത്രീകൾക്കെതിരെയുള്ള എല്ലാ തരം ഉപദ്രവങ്ങളും മോശമായ പെരുമാറ്റവും ഉൾപ്പെടുന്ന വിധത്തിലാണ് ഗാർഹിക അതിക്രമം എന്ന വാക്കിനെ നിർവ്വചിച്ചിട്ടുള്ളത്. ഇന്നത്തെ സാഹചര്യങ്ങൾ ഗാർഹിക പീഡന നിയമം 2005 ന്റെ കാര്യക്ഷമമായ നടപ്പാക്കൽ ആവശ്യപ്പെടുന്നു. ഗാർഹിക പീഢന സംഭവങ്ങളിൽ സ്ത്രീകൾക്ക് പ്രാരംഭ പൗര പരിഹാര നടപടികളായ സംരക്ഷണ ഉത്തരവുകൾ, താമസ സൗകര്യ ഉത്തരവുകൾ, സാമ്പത്തികാശ്വാസ ഉത്തരവുകൾ എന്നിവ ഈ നിയമം നൽകുന്നു.

യഥാർത്ഥത്തിൽ ദ്രോഹിക്കുന്നതോ ദ്രോഹിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നതോ ആയ ശാരീരിക, ലൈംഗിക, വാചിക, വൈകാരിക, സാമ്പത്തിക ദ്രോഹങ്ങൾ ഈ നിയമത്തിൽ ഉൾപ്പെടുന്നു. സ്ത്രീധനത്തിനോ സ്വത്തിനോ നിയമപരമല്ലാത്ത എന്തെങ്കിലും ആവശ്യം സാധിക്കുന്നതിനുവേണ്ടി സ്ത്രീകളേയോ അവരുടെ ബന്ധുക്കളേയോ നിർബന്ധിക്കുന്നതും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു.

**നിങ്ങൾക്കറിയാമോ?**

**സ്ത്രീകളെ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന നിയമം 2005 ന്റെ പ്രധാന സവിശേഷതകൾ**

- അതിക്രമങ്ങളിൽ നിന്ന് സ്വതന്ത്ര്യമായി ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശം മുൻവിധികളില്ലാതെ അംഗീകരിക്കപ്പെടുന്നു. അത്യാഹിതഘട്ടങ്ങളിൽ ഇരയാക്കപ്പെട്ടവർക്ക് ആശ്വാസമേകുന്നു.
- മറ്റുള്ളവരുമൊത്ത് വീട്ടിൽ താമസിക്കുവാനുള്ള അവകാശം - വീടിനകത്തുള്ള അസമത്വങ്ങളെ തിരിച്ചറിയുന്നു.
- ഫലപ്രദമായ നീതി ലഭ്യത ഉറപ്പ് വരുത്തുക, പുതിയ അധികാരികളെയും സംവിധാനങ്ങളെയും പരിചയപ്പെടുത്തി (കോടതിക്കും സ്ത്രീക്കുമിടയിൽ പ്രൊട്ടക്ഷൻ ഓഫീസർ എന്ന പദവി).
- അതിക്രമങ്ങൾ തടയുന്നതിനായി കോടതിയിൽ നിന്നും പെട്ടന്നുള്ള ഉത്തരവുകൾ ലഭിക്കുവാൻ.
- അതിക്രമങ്ങൾ അഭിമുഖീകരിക്കുകയും പരിഹാരമുണ്ടാക്കുകയും സ്ത്രീയുടെ ഒറ്റപ്പെടൽ (അനാഥത്വം) തടയുകയും ചെയ്യുക.

## E. ഉപഭോക്തൃ സംരക്ഷണ നിയമം (Consumer Protection Act)






ഗീത ഒരു വിലപിടിപ്പുള്ള വാച്ച് വാങ്ങി. നാല് മാസം ഉപയോഗിച്ചതിനുശേഷം അതിന്റെ പ്രവർത്തനം നിന്നു. അവൾ വിൽപ്പനക്കാരനെ സമീപിച്ചപ്പോൾ അയാൾ അയാളുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറി. ഈ സാഹചര്യത്തിൽ ഗീതക്ക് എന്ത് ചെയ്യാൻ കഴിയും?

- ..............................................................

അവൾ ഈ പ്രശ്നം അവളുടെ കൂട്ടുകാരിയുമായി ചർച്ച ചെയ്തപ്പോൾ അവൾ ഉപഭോക്തൃ കോടതിയുടെ സഹായം തേടാനായി ഉപദേശിച്ചു.

ഏതെങ്കിലും തരത്തിലുള്ള സാധനങ്ങളോ സേവനങ്ങളോ വിലകൊടുത്തു വാങ്ങുന്ന വ്യക്തിയാണ് ഉപഭോക്താവ്. അവർക്ക് നീതിക്കും ശരിയായ പെരുമാറ്റത്തിനും അവകാശമുണ്ട്. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം 1986 ഡിസംബർ 24ന് പ്രാബല്യത്തിൽ വരികയും 2003 മാർച്ചിൽ അത് പരിഷ്കരിക്കുകയും ചെയ്തു. ഉപഭോക്താക്കൾക്ക് വേഗത്തിലും ചെലവ് കുറഞ്ഞതുമായ പരിഹാരങ്ങൾക്കായി പ്രത്യേകം തയാറാക്കിയിട്ടുള്ള നിയമമാണ് ഉപഭോക്തൃ സംരക്ഷണ നിയമം. ഒരു ഉപഭോക്താവിന്റെ അവകാശങ്ങൾക്ക് ആദ്യമായി നിയമ പരിരക്ഷ ലഭിച്ചത് ഈ നിയമം നിലവിൽ വന്നതിലൂടെയാണ്.

ഈ നിയമപ്രകാരം, താൻ വാങ്ങിയ സേവനത്തിലോ ഉൽപന്നത്തിലോ സംതൃപ്തമല്ലെങ്കിൽ ഒരു ഉപഭോക്താവിന് തർക്ക പരിഹാരത്തിനായി നിശ്ച്ചിത ഫോറത്തിൽ പരാതി നൽകാൻ കഴിയും. ദേശീയ-സംസ്ഥാന-ജില്ലാ തലത്തിൽ ഒരു ത്രിതല സംവിധാനം ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ നിയമം സാധനങ്ങളുടെ തകരാറുകൾക്ക് മാത്രമല്ല സേവനത്തിൽ വരുന്ന കുറവുകൾക്കും അമിത വില ഈടാക്കുന്നതിനും അഭികാമ്യമല്ലാത്ത പെരുമാറ്റത്തിനും നിയന്ത്രിത വ്യാപാരത്തിനുമെതിരെയും ഉപഭോക്താവിന് പരിഹാരം അനുവദിക്കുന്നു. വ്യവഹാരം കഴിഞ്ഞ് രണ്ടു വർഷത്തിന് ശേഷം ഉപഭോക്താവിന് ഉപഭോക്തൃ കോടതിയിൽ പരാതിപ്പെടാൻ സാധിക്കില്ല.

**നിങ്ങൾക്കറിയാമോ?**

**ധനവിഷയകമായ നിയമാധികാരപരിധി (Pecuniary Jurisdiction)**

- 20 ലക്ഷം രൂപ വരെ ജില്ലാ ഉപഭോക്തൃ തർക്ക് പരിഹാര സമിതി
- 20 ലക്ഷം മുതൽ ഒരു കോടി രൂപ വരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ
- 1 കോടിയിലധികം വിലയുള്ളവ-ദേശീയ ഉപഭോക്തൃ തർക്ക് പരിഹാര കമ്മീഷൻ

**നമുക്ക് പ്രവർത്തിക്കാം**



*വാങ്ങിയതിന് രണ്ട് ആഴ്ചക്ക് ശേഷം നിങ്ങളുടെ ടി. വി. പ്രവർത്തിക്കുന്നില്ലെന്ന് കരുതുക. ആവർത്തിച്ച് പരാതിപ്പെട്ടിട്ടും കടക്കാരൻ ഒരു നടപടിയും എടുക്കുന്നില്ല. ഈ അവസ്ഥയിൽ നിങ്ങൾ എങ്ങിനെ ഈ പ്രശ്നം കൈകാര്യം ചെയ്യും ? ഒരു പ്രവർത്തന രേഖ തയ്യാറാക്കുക.*

## F. വിവരാവകാശ നിയമം (ആർ. ടി. ഐ. ആക്ട്)

'ഒരു വർഷം മുമ്പ് ഞാൻ ഗ്യാസ് കണക്ഷന് വേണ്ടി അപേക്ഷിച്ചു. എന്നാൽ ഇതുവരെ എനിക്കത് ലഭിച്ചില്ല. എനിക്ക് ശേഷം അപേക്ഷിച്ച എന്റെ അയൽക്കാരന് കണക്ഷൻ ലഭിച്ചു.' എന്ന് ബാബു പറഞ്ഞു.

എന്തുകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചതെന്നും തന്റെ കണക്ഷന്റെ അവസ്ഥയെന്താണെന്ന് അറിയാനും ബാബു ആഗ്രഹിക്കുന്നു. നമുക്കെങ്ങനെ ബാബുവിനെ സഹായിക്കാം?

- ......................................................

യഥാസമയം വിവരങ്ങൾ അറിയുന്നതിന്റെ പ്രാധാന്യം ഇവിടെയാണ്. വിവരാവകാശ നിയമം നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തിന്റെ വികസനത്തിലെ നാഴിക്കല്ലാണ്. അധികാരികൾ സാധാരണക്കാരന്റെ മുന്നിൽ സൃഷ്ടിച്ചുവച്ചിരുന്ന രഹസ്യാത്മകതയുടെ മുഖംമൂടി മാറ്റാൻ ഈ നിയമം കൊണ്ട് കഴിഞ്ഞു.

**നിങ്ങൾക്കറിയാമോ?**

**വിവരാവകാശ നിയമം 2005 ന്റെ പ്രധാന സവിശേഷതകൾ**

- വിവരങ്ങളറിയേണ്ടവർ വെള്ളപേപ്പറിൽ 10 രൂപ മൂല്യമുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നൽകണം
- രേഖാപുസ്തകങ്ങൾ, പ്രമാണം, ഇ-മെയിൽ ഉത്തരവുകൾ, പത്രകുറിപ്പുകൾ, കരാർ പത്രികകൾ, ഇലക്ട്രോണിക് വിവരങ്ങൾ തുടങ്ങിയവയാണ് വിവരങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.
- വിവരങ്ങൾ സാധാരണ ഗതിയിൽ അപേക്ഷ തീയ്യതി മുതൽ മുപ്പത് ദിവസത്തിനകവും ഒരാളുടെ ജീവിതമോ സ്വാതന്ത്ര്യമോ സംബന്ധിച്ചാണെങ്കിൽ 48 മണിക്കൂറിനകവും നൽകിയിരിക്കണം.
- ഓരോ പൊതു അധികാരസ്ഥാപനവും എഴുതിയതോ ഇലക്ട്രോണിക് രൂപത്തിലോ വിവരങ്ങൾ നൽകണം. അപേക്ഷ നൽകുമ്പോൾ അത് സ്വീകരിക്കാതിരിക്കുകയോ വിവരങ്ങൾ നൽകാതിരിക്കുകയോ ചെയ്താൽ ശിക്ഷ ലഭിക്കുകയും ചെയ്യും.
- കേന്ദ്ര വിവര കമ്മീഷനും സംസ്ഥാന വിവര കമ്മീഷനും സ്ഥാപിച്ചിട്ടുണ്ട്.

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സംരംഭങ്ങൾ, പ്രാദേശിക ഭരണ സംവിധാനങ്ങൾ, സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്ന സന്നദ്ധ സംഘടനകൾ എന്നിവയിൽനിന്നും വിവരങ്ങൾ ശേഖരിക്കുവാനുള്ള അവകാശം പൗരന്മാർക്ക് ഈ നിയമം നൽകുന്നു. എല്ലാ പൊതു അധികാരികളുടെയും പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും പ്രോൽസാഹിപ്പിക്കുന്ന വിധം ഈ നിയമം വിവരങ്ങൾ ലഭ്യമാക്കുന്നു. ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ കാലതാസം വരുത്തിയാൽ പരിഹാരം നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥകളുണ്ട്. യഥാസമയം വിവരങ്ങൾ ലഭ്യമാക്കുന്നതിന് അധികാരിയുടെ പേര് മുൻകൂട്ടി ഓരോ ഓഫീസിലും നിശ്ചയിച്ചിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരികവഴി സാമൂഹ്യ പ്രവർത്തനത്തിന്റെ ഒരു പ്രവർത്തന മേഖലയായി ഇത് ഉരിത്തിരിഞ്ഞിട്ടുണ്ട്. അഴിമതി പോലെ, സാമൂഹ്യ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ സമൂഹത്തിൽ തുറന്നു കാണിക്കുവാൻ ഇതിലൂടെ സാധിക്കും.



## G. സൈബർ നിയമങ്ങൾ (Cyber laws)

താഴെ തന്നിട്ടുള്ള രണ്ടു സംഭവങ്ങൾ ശ്രദ്ധിക്കൂ

**കേസ് 1:** നിങ്ങളുടെ ഫോട്ടോ സാമൂഹ്യ മാധ്യമത്തിൽ ഉൾപെടുത്തിയിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. എന്നാൽ നിങ്ങൾക്ക് അത്തരം ഒരു അക്കൗണ്ട് ഇല്ല താനും!

**കേസ് 2:** നിങ്ങളുടെ കൂട്ടുകാരിൽ ഒരാളെ അപരിചതർ ഫോൺ വിളികളാൽ സ്ഥിരമായി അർദ്ധരാത്രികളിൽ ശല്യം ചെയ്യുന്നു.

ഇത്തരം സാഹചര്യങ്ങളിൽ നമുക്കെന്തു ചെയ്യാൻ കഴിയും ?

- ..................................................

മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ ഉൾപ്പെടുന്ന സാഹചര്യങ്ങളിൽ ജനങ്ങളെ സഹായിക്കുന്നതിനുള്ള നിയമങ്ങളുണ്ട്.

സാങ്കേതിക മുന്നേറ്റം മനുഷ്യവർഗത്തിന് വളരെ വലിയ നേട്ടങ്ങളും അവസരങ്ങളും പ്രദാനം ചെയ്തിട്ടുണ്ട്. ഈ പ്രയോജനത്തോടൊപ്പം തന്നെ കുറേ ഹാനികരമായ കാര്യങ്ങളും അത് കൊണ്ടുവന്നിട്ടുണ്ട്. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള കബളിപ്പിക്കൽ (online cheating), ഭീഷണിപ്പെടുത്തൽ, കുറ്റകൃത്യങ്ങൾ, അപഹരണം ഇവയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്നറിയപ്പെടുന്നത്. ഈ കുറ്റകൃത്യങ്ങളെ തടയുന്നതിനായി നിയമങ്ങളുണ്ട്. മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം ഈ നിയമങ്ങൾ പരിശോധിക്കുന്നു.

**നിങ്ങൾക്കറിയാമോ?**

**വിവിധതരം സൈബർ കുറ്റകൃത്യങ്ങൾ**

- അനധികൃത പ്രവേശനവും വിവരങ്ങൾ ചോർത്തിയെടുക്കലും
- വൈറസ് ആക്രമണം
- ഇ-മെയിലും ഇന്റർനെറ്റ് ചാറ്റിങ്ങുമായി ബന്ധപ്പെട്ട കുറ്റകൃത്യം
- സേവനങ്ങൾ നിഷേധിക്കൽ
- അശ്ലീലങ്ങളടങ്ങിയ വിവരങ്ങൾ കൈകാര്യം ചെയ്യുക
- കള്ളരേഖ ചമയ്ക്കുക
- സൈബർ ഭീകരവാദം
- ബൗദ്ധിക സ്വത്തവകാശ ലംഘനം
- ബാങ്കിംഗ്/ക്രെഡിറ്റ് കാർഡ് സംബന്ധിച്ച നിക്ഷേപ തട്ടിപ്പ്
- നിയമവിരുദ്ധമായി വസ്തുക്കൾ വിൽക്കുക
- അപകീർത്തിപ്പെടുത്തൽ
- ഓൺലൈൻ ചൂതാട്ടം
- ബാലപീഡനം
- വ്യക്തി വിവരങ്ങൾ മോഷ്ടിക്കൽ
- ഇന്റർനെറ്റ് സമയം മോഷ്ടിക്കൽ
- കമ്പ്യൂട്ടർ സംവിധാനങ്ങൾ കേടുവരുത്തൽ
- സ്വകാര്യത ലംഘിക്കുക
- പകർപ്പവകാശ ലംഘനം



സൈബർ നിയമങ്ങൾ ഇലക്ട്രോണിക് രേഖകൾക്ക് നിയമ സാധുത നൽകുകയും ഇലക്ട്രോണിക് രേഖാ സമർപ്പണം (e-filing), ഇ-വാണിജ്യം (e-commerce) തുടങ്ങിയവയ്ക്ക് പിൻബലമായ ചട്ടക്കൂടുകൾ നൽകുകയും ചെയ്യുന്നു. സൈബർ കുറ്റകൃത്യങ്ങൾ പരിശോധിക്കുന്നതിനുള്ള നിയമപരമായ ചട്ടക്കൂടുകളും ഇത് പ്രദാനം ചെയ്യുന്നു. പാരമ്പര്യ സ്വഭാവമുള്ളതും ഇന്ത്യൻ പീനൽ കോഡിന്റെ പരിധിയിൽ വരുന്നതുമായ വ്യാജ നിർമ്മിതി, വഞ്ചന, മോഷണം, കള്ള ആധാരമുണ്ടാക്കൽ, അപകീർത്തിപെടുത്തൽ, ചതിപ്രയോഗം, ശല്യപ്പെടുത്തൽ എന്നിവ പോലുള്ള കുറ്റകൃത്യങ്ങൾ സൈബർ നിയമത്തിൽ ഉൾപ്പെടുന്നു. 2000 ആണ്ടിൽ പ്രാബല്യത്തിൽ വന്ന വിവര സാങ്കേതിക നിയമം കമ്പ്യൂട്ടറുകളുടെ ദുരുപയോഗ ഫലമായി ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു.

വിവര സാങ്കേതിക നിയമത്തിന്റെ (Information Technology Act-ITA) ശ്രദ്ധേയമായ സവിശേഷതകൾ താഴെ പറയുന്നു.

- വിവരങ്ങളുടെ സ്വകാര്യതയ്ക്ക് ഊന്നൽ
- വിവരങ്ങളുടെ സുരക്ഷിതത്വത്തിൽ ശ്രദ്ധിക്കുന്നു.
- സൈബർ കഫേ നിർവചിക്കുന്നു.
- രേഖകളുടെ ആധികാരികതയ്ക്കുതകുന്ന ഉപാധിയായി ഡിജിറ്റൽ ഒപ്പ് ഉപയോഗിക്കുന്നു.
- കോർപ്പറേറ്റുകൾ അനുവർത്തിക്കേണ്ടുന്ന ന്യായമായ സുരക്ഷിതത്വ നിയമ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുന്നു.
- മദ്ധ്യവർത്തികളുടെ ഉത്തരവാദിത്വങ്ങൾ പുനർ നിർവ്വചിക്കുന്നു.
- ഇന്ത്യൻ കമ്പ്യൂട്ടർ അടിയന്തര സേനയുടെ പങ്ക് അംഗീകരിക്കുന്നു.
- ബാല അശ്ലീലങ്ങളും സൈബർ ഭീകരവാദവും നിയമത്തിൽ ഉൾപ്പെടുത്തുകയും നിർവ്വചിക്കുകയും ചെയ്യുന്നു.
- സൈബർ കുറ്റകൃത്യങ്ങളെ അന്വേഷിക്കുന്നതിന് ഒരു ഇൻസ്പെക്ടറെ അധികാരപ്പെടുത്തുന്നു.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. ഗാർഹിക പീഡനത്തിന് ചില ഉദാഹരണങ്ങൾ എഴുതുക.
2. സൈബർ നിയമങ്ങൾ എന്നത് കൊണ്ട് നിങ്ങൾ എന്ത് അർത്ഥമാക്കുന്നു?

**നമുക്ക് പ്രവർത്തിക്കാം**



- *ഗാർഹിക പീഡനത്തിന്റെ വിവിധ സംഭവങ്ങളും വാർത്തകളും ശേഖരിക്കുകയും അവയുടെ കാരണങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുക.*



- *'ഇന്റർനെറ്റും മൊബൈൽഫോണും അനുഗ്രഹമോ വിനാശമോ' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.*

## H. നിയമ സഹായം (Legal Aid)

രമ 40 വയസ്സുള്ള ഒരു നിരക്ഷരയായ സ്ത്രീയാണ്. രണ്ട് ആൺമക്കളുള്ള അവർ ദരിദ്ര കുടുംബത്തിൽ നിന്നാണ് വന്നിട്ടുള്ളത്. അവർ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളാണ്. വരുമാനത്തിന് മാർഗ്ഗമില്ലാത്തവരും തൊഴിൽ രഹിതയുമാണ്. ചിലർ അവരോട്

കോടതിയെ സമീപിക്കാൻ പറഞ്ഞു. പാവപ്പെട്ടവരും വിദ്യാഭ്യാസമില്ലാത്തവരുമായ അവർ അത്തരം നടപടികൾ ഭയപ്പെട്ടു. നീതി ലഭിക്കുന്നതിനായി നിങ്ങൾക്ക് അവരെ എങ്ങനെ സഹായിക്കാനാകും?

- ..........................................................



നിങ്ങൾ നിയമ സഹായ അതോറിറ്റിയെ കുറിച്ച് കേട്ടിട്ടുണ്ടോ?

- ..............................................................

ഒരു അധികാരിക്ക് മുമ്പിലോ ന്യായാസനത്തിലോ ഏതെങ്കിലും കോടതിയിലോ ഒരു കേസ് നടത്തുവാനോ വക്കീലിന്റെ സേവനത്തിന്റെ ചെലവു വഹിക്കാനോ കഴിയാത്തവരും പാവപ്പെട്ടവരുമായവർക്ക് സൗജന്യമായി നിയമ സേവനം നൽകുന്നതിനാണ് നിയമസഹായം എന്ന് പറയുന്നത്.

കോടതി വ്യവസ്ഥയിൽ എത്തിപ്പെടാൻ കഴിയാത്തതും നിയമ പ്രാതിനിധ്യം നൽകാൻ കഴിയാത്തവരുമായ ജനങ്ങൾക്കുള്ള സഹായ വ്യവസ്ഥയാണ് നിയമ സഹായം. നിയമത്തിന് മുന്നിൽ തുല്യതയും നിയമ പരിരക്ഷയും ലഭിക്കുന്നതിനുള്ള അവകാശം, ന്യായയുക്തമായ കോടതി വിചാരണക്കുള്ള അവകാശം എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് നീതി ലഭ്യമാക്കുന്നതാണ് നിയമ സഹായത്തിന്റെ കാതൽ. ലീഗൽ സർവ്വീസസ് അതോറിറ്റിയാണ് നിയമ സഹായം നൽകുന്നത്.

- നിയമസഹായം രാഷ്ട്രത്തിന്റെ ഭരണഘടനാ കർത്തവ്യവും പൗരന്റെ അവകാശവുമാണ്.
- സാമ്പത്തികമോ മറ്റ് ഏതെങ്കിലും കഴിവില്ലായ്മകൊണ്ടോ നീതി ലഭ്യമല്ലാത്തവർക്കാണ് സൗജന്യമായി നിയമ സഹായം നൽകുന്നത്.
- നിയമനടപടികളുടെ ലഘൂകരണം
- ലോക് അദാലത്തുകളിലൂടെ കോടതിക്ക് പുറത്ത് കേസുകൾ തീർപ്പാക്കൽ.

> **നിങ്ങൾക്കറിയാമോ?**
>
> സൗജന്യ നിയമ സേവനത്തിൽ ഉൾപ്പെട്ടവ:
>
> - കോടതി ചെലവ്, നടപടി ചെലവ്, മറ്റെല്ലാ ചെലവുകളും അല്ലെങ്കിൽ നിയമ നടപടികളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും
> - നിയമനടപടിക്ക് സഹായിക്കുന്ന വക്കീലിനെ നൽകുന്നു.
> - നിയമ നടപടികളിലെ ഉത്തരവുകളുടെ പകർപ്പുകൾ, മറ്റു രേഖകൾ എന്നിവ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യൽ
> - പരാതി തയ്യാറാക്കൽ, അച്ചടിക്കൽ, നിയമ നടപടികൾക്ക് വേണ്ട രേഖകൾ തർജമ ചെയ്യൽ.

സൗജന്യ നിയമ സഹായത്തിന് അർഹതയുള്ള ജനങ്ങൾ താഴെ പറയുന്നവരാണ്.

1. സ്ത്രീകളും കുട്ടികളും
2. പട്ടികജാതി - പട്ടികവർഗ്ഗ അംഗങ്ങൾ

3. വ്യവസായ തൊഴിലാളികൾ
4. ദുരന്തങ്ങൾ, അക്രമം, പ്രളയം, വരൾച്ച, ഭൂകമ്പം, വ്യവസായ ദുരന്തം തുടങ്ങിയ വയിലെ ഇരകൾ
5. അംഗപരിമിതർ
6. തടങ്കലിലുള്ള വ്യക്തികൾ
7. 50,000 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള വ്യക്തികൾ
8. മനുഷ്യകടത്തിന്റെ ഇരകൾ

**I. ദേശീയ മനുഷ്യാവകാശ കമ്മീഷൻ**

നമ്മൾ മനുഷ്യാവകാശങ്ങളെക്കുറിച്ചും അതിന്റെ ലംഘനത്തെകുറിച്ചും പഠിച്ചുകഴിഞ്ഞു. നമ്മുടെ രാജ്യത്ത് മനുഷ്യാവകാശ ലംഘനം കൈകാര്യം ചെയ്യുന്നത് ദേശീയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ ആരാണെന്ന് നിങ്ങൾക്ക റിയാമോ?

- ...................................................................

1993ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിന്റെ കീഴിലാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ (National Human Rights Commission-NHRC) രൂപീകരിച്ചത്. 1996 ഡിസംബർ 16 ന് ഐക്യരാഷ്ട്ര സംഘടനയുടെ പൊതു സഭ അംഗീകരിച്ച പൗര-രാഷ്ട്രീയ അവ കാശങ്ങളുടെ അന്താരാഷ്ട്ര ഉടമ്പടി, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവ കാശങ്ങളുടെ അന്താരാഷ്ട്ര ഉടമ്പടി ഇവയിൽ നിന്ന് പ്രചോദനം ഉൾകൊണ്ടാണ് ഇത് തയ്യാറാക്കപ്പെട്ടത്.

**ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ലക്ഷ്യങ്ങൾ**

1993 ലെ മനുഷ്യാവകാശങ്ങളുടെ സംരക്ഷണ നിയമമനുസരിച്ച് മനുഷ്യാവകാശങ്ങളു ടെയും അനുബന്ധ വിഷയങ്ങളുടെയും മെച്ചപ്പെട്ട സംരക്ഷണത്തിനുവേണ്ടിയാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ രൂപീകരിച്ചത്.

**കമ്മീഷന്റെ ധർമ്മങ്ങൾ**

കമ്മീഷൻ നിർവ്വഹിക്കുന്ന ധർമങ്ങൾ താഴെ പറയുന്നവയാണ്. (സെക്ഷൻ 12)

- മനുഷ്യാവകാശ ലംഘനത്തിനുമേൽ സ്വമേധയാലോ ഇരയായ വ്യക്തിക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തിയോ നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തുക.
- കോടതിയിൽ തീരുമാനമാക്കപ്പെടാതെയുള്ള മനുഷ്യാവകാശ ലംഘന കേസുക ളുടെ നടപടികളിൽ കോടതിയുടെ അംഗീകാരത്തോടെ ഇടപെടുക.
- തിരുത്തൽ സംവിധാനങ്ങളിലുള്ള (Correctional Setting) സർക്കാർ സ്ഥാപനങ്ങൾ സന്ദർശിച്ച്, അവിടുത്തെ അന്തേവാസികളുടെ ജീവിത സാഹചര്യങ്ങളെ കുറിച്ച് പഠിക്കുകയും ശുപാർശകൾ തയ്യാറാക്കുകയും ചെയ്യുക.
- മനുഷ്യാവകാശ സംരക്ഷണത്തെ അവലോകനം ചെയ്യുകയും ശുപാർശ ചെയ്യു കയും അവയുടെ കാര്യക്ഷമമായ നടപ്പാക്കലിനാവശ്യമായ ശുപാർശകൾ നൽകു കയും ചെയ്യുക.
- നിയമ വ്യവസ്ഥ നൽകുന്ന സുരക്ഷാ മാർഗങ്ങളെ അവലോകനം ചെയ്യുക.

### J. വനിതാ കമ്മീഷൻ (Women's Commission)

സ്ത്രീകൾ സമൂഹത്തിൽ വൈവിധ്യങ്ങളായ പ്രശ്നങ്ങൾ നേരിടുന്നു എന്നും അവയിൽ പലതും മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ടതാണെന്നും നമുക്കറിയാമല്ലോ. സ്ത്രീകളുടെ പരാതികൾ കൈകാര്യം ചെയ്യുന്ന ഏതെങ്കിലും സംവിധാനം നിങ്ങൾക്ക റിയാമോ?

- ....................................................................

ഭാരത സർക്കാർ 1990 ൽ സ്ത്രീകൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്ന് വിളി ക്കുന്ന ഒരു കമ്മീഷൻ സ്ഥാപിച്ചു. ഇന്ത്യയിലെ സ്ത്രീകളുടെ അവകാശങ്ങളെ പ്രതി നിധീകരിക്കുകയും അവരുടെ ആശങ്കകളും പ്രശ്നങ്ങളും അറിയുന്നതിനായി ഒരു വേദി ഒരുക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. സ്ത്രീധനം, രാഷ്ട്രീയം, മതം, തൊഴിലിടങ്ങളിൽ സ്ത്രീകളുടെ തുല്യ പ്രതിനിധ്യം, തൊഴിലിനുവേണ്ടി സ്ത്രീകളെ ചൂഷണം ചെയ്യൽ, സ്ത്രീകളെ അധിക്ഷേപിക്കൽ തുടങ്ങിയ സംഘടിത പ്രവർത്തനങ്ങൾ ഇവരുടെ വിഷ യങ്ങളാണ്.

ഒരു ലിംഗ സമത്വ സമൂഹത്തെ സൃഷ്ടിക്കാൻ വനിതകൾക്ക് വേണ്ടി കമ്മീഷൻ നിര ന്തരമായി ശ്രമിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങൾ, സാമൂഹ്യ നീതി, സ്വതന്ത്രസ്വത്വം എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടുന്ന കരുതൽ നടപടികൾ കൈക്കൊള്ളുന്നു. കൂടാതെ അവർ കൃത്യമായ വിലയിരുത്തൽ, കാര്യക്ഷമത വർധിപ്പിക്കൽ, ബോധവൽക്കരണം, വ്യക്തിഗത പരാതികൾ കൈകാര്യം ചെയ്യൽ തുടങ്ങിയവയും ഏറ്റെടുക്കുന്നു.

### ലക്ഷ്യങ്ങൾ

1. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും പ്രോത്സഹാപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുക.
2. വികസനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോൽസാഹിപ്പിക്കുക.
3. ദേശീയ വനിതാ കമ്മീഷനെ ഒരു സ്വയംഭരണവും ഉൾച്ചേർന്നതുമായ കമ്മീഷ നായി സറാപിക്കുക.

#### നമ്മുക്ക് പ്രവർത്തിക്കാം



- *മനുഷ്യാവകാശങ്ങളെ നടപ്പിലാക്കുന്നതിൽ മൗലികാവകാശങ്ങൾക്കുള്ള പ്രാധാന്യത്തെകു റിച്ച് ഒരു സെമിനാർ നടത്തുക .*
- *ഇന്ത്യൻ ഭരണഘടനയിൽ നിന്ന് മാർഗ്ഗ നിർദ്ദേശക തത്വങ്ങളെ കണ്ടെത്തി അവയെകുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കി സ്കൂൾ ബുള്ളറ്റിൻ ബോർഡിൽ പ്രസിദ്ധീകരിക്കുക.*

#### നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. എന്താണ് നിയമസഹായം?
2. എൻ. എച്ച്. ആർ. സി. വിപുലീകരിച്ചെഴുതുക.
3. വനിതാ കമ്മീഷന്റെ ധർമ്മങ്ങൾ ചൂണ്ടിക്കാണിക്കുക.

### നമുക്ക് സംഗ്രഹിക്കാം

ഈ പാഠം സാമൂഹ്യ നിയമനിർമ്മാണത്തിന് ഊന്നൽ നൽകികൊണ്ട് സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രാധാന്യം ഒരു ഔദ്യോഗിക മനുഷ്യാവകാശ വിഷയമെന്ന രീതിയിൽ ചർച്ച ചെയ്യുന്നു. തുല്യത, സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശങ്ങൾ

അവയുടെ ലംഘനം, സാമൂഹ്യ മൂലധനം, ശാക്തീകരണം എന്നിവ ഇവിടെ ചർച്ച ചെയ്തു.

ആധുനിക കാലഘട്ടത്തിൽ സാമൂഹ്യ പ്രവർത്തനത്തിന്റെ ശ്രദ്ധ ആവശ്യാധിഷ്ഠിത സമീപനത്തിൽ നിന്നും അവകാശധിഷ്ഠിതത്തിലേക്കും ശാക്തീകരണ സമീപനത്തിലേക്കും മാറിയിട്ടുണ്ട്. ഈ അദ്ധ്യായം ഇത്തരം ആശയങ്ങളെക്കുറിച്ച് ധാരണ നൽകുന്നു.

തുല്യത എന്ന ആശയം ന്യായവും നീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. തുല്യത വളരെയധികം ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനേക്കാളുപരി മനുഷ്യന്റെ ആവശ്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു. എല്ലാവിധ പൗരൻമാർക്കും ഒരേ അവകാശങ്ങൾ എന്ന തത്വമാണ് സമത്വം അംഗീകരിക്കുന്നത്. മനുഷ്യാവകാശങ്ങളുടെ സംരക്ഷണം രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. പല രാജ്യങ്ങളുടേയും ഭരണഘടന മൗലിക അവകാശങ്ങളിലൂടെ മനുഷ്യാവകാശങ്ങൾ ഉയർത്തിക്കാട്ടുന്നു. എല്ലാ മനുഷ്യർക്കും പ്രയോജനപ്പെടുത്താവുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. ആ അവകാശങ്ങൾ പരസ്പര ബന്ധിതവും പരസ്പര ആശ്രിതവും തള്ളിക്കളയാൻ കഴിയാത്തതുമാണ്. മനുഷ്യാവകാശങ്ങളുടെ അടിസ്ഥാന രേഖയാണ് സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം. മനുഷ്യാവകാശങ്ങൾ വളരെയധികം രാഷ്ട്രങ്ങളുടെ ഭരണഘടനയിൽ തെളിഞ്ഞുകാണുന്നതുമാണ്.

സാമൂഹ്യ പ്രവർത്തനവും മനുഷ്യാവകാശവും അടുത്ത ബന്ധം പുലർത്തുന്നവയാണ്. സാമൂഹ്യ പ്രവർത്തകർ മനുഷ്യാവകാശ പ്രോൽസാഹനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും മനുഷ്യാവകാശ ലംഘനത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ കാതലായ പങ്കുവഹിക്കുന്നു. വിവിധ സാമൂഹ്യ നിയമങ്ങളും ഭരണഘടനാ സാധുതകളും മനുഷ്യാവകാശങ്ങളെ യാതൊരു വിവേചനവും കണക്കിലെടുക്കാതെ ഉറപ്പാക്കുന്നു.

തിരഞ്ഞെടുപ്പുകൾ നടത്താനും തിരഞ്ഞെടുത്തവയെ ആഗ്രഹിക്കുന്ന പ്രവൃത്തികളിലേക്കും അനന്തരഫലത്തിലേക്കും മാറ്റുകയും ചെയ്യുവാനുള്ള വ്യക്തികളുടെയും സംഘടനകളുടെയും കഴിവിനെ വർദ്ധിപ്പിക്കുന്ന പ്രക്രിയയാണ് ശാക്തീകരണം. സ്ത്രീകൾ, ഗോത്രവംശം, കർഷക സമൂഹം, എന്നീ പാർശ്വവൽകൃത സമൂഹത്തിന്റെ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നവയെ തന്ത്രപരമായി നേരിടുക വഴി ഈ പരിതാപകരമായ സമൂഹത്തെ ശാക്തീകരിക്കാൻ സാധിക്കുന്നു. ശാക്തീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ പൊതു ഉദ്ദേശ്യത്തോടുകൂടിയ കൂട്ടായ പ്രവർത്തനത്തിനുള്ള കഴിവാണ് സാമൂഹ്യ മൂലധനം.

ജനങ്ങളെ വിവേചനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് സാമൂഹ്യ നിയമങ്ങൾ അത്യാവശ്യമാണ്. വിവരാവകാശ നിയമം, ബാലവേല നിരോധന നിയമം, ഉപഭോക്തൃസംരക്ഷണ നിയമം, വിദ്യാഭ്യാസ അവകാശ നിയമം, സ്ത്രീധന നിരോധന നിയമം തുടങ്ങിയ പ്രധാനപ്പെട്ട സാമൂഹ്യ നിയമങ്ങളെ നാം ചർച്ച ചെയ്തു.

നിയമ സഹായം, സൈബർ നിയമങ്ങൾ പോലുള്ള ജനങ്ങളെ അനീതികളിൽ നിന്ന് സംരക്ഷിക്കാൻ സഹായിക്കുന്ന കാലിക പ്രാധാന്യമുള്ള നിയമങ്ങൾ, മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ തുടങ്ങയവയുടെ കർത്തവ്യവും ഈ അധ്യായത്തിന്റെ അവസാന ഭാഗത്തായി പ്രതിപാദിച്ചിട്ടുണ്ട്.

നിയമം സാമൂഹ്യ പ്രവർത്തകർക്ക് ഫലപ്രദമായ ഒരു ഉപകരണമാണ്. ഈ പ്രക്രിയയിൽ സാമൂഹ്യ പ്രവർത്തകർ പിന്നോക്ക വിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പാക്കുന്നതിൽ വളരെ പ്രധാനപെട്ട പങ്ക് വഹിക്കുന്നു. കുട്ടികൾ, സ്ത്രീകൾ, ജയിൽ പുള്ളികൾ, ലൈംഗിക തൊഴിലാളികൾ, പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ, പാവപ്പെട്ടവർ, യാചകർ തുടങ്ങി നിയമസഹായം വേണ്ടവരുമായി ഒരു ബന്ധമുണ്ടാക്കുകയും നിയമത്തിന്റെ സഹായത്തോടെ സാമൂഹ്യ നീതി നടപ്പിലാക്കുകയും ചെയ്യുന്നു. സാമൂഹ്യ നിയമങ്ങളെ സാമൂഹ്യ പ്രവർത്തകന് സാമൂഹ്യ വക്കാലത്തിനും മനുഷ്യാവകാശ ശാക്തീകരണത്തിനും സ്വയം പൂർണ്ണതക്കും വികസനത്തിനും അനുയോജ്യമായ ചുറ്റുപാട് സൃഷ്ടിക്കുവാനും ഉപയോഗിക്കാവുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സാമൂഹ്യ പ്രവർത്തനത്തിന്റെ അകക്കാമ്പ് വികസനപരവും പരിഹാര പുനരധിവാസത്തല പ്രക്രിയകളും ചേർന്ന സമീപനമാണ്. ഇങ്ങനെ സാമൂഹ്യ നിയമങ്ങൾ സാമൂഹ്യ പരിവർത്തനത്തിനും ശാക്തീകരണത്തിനും സാമൂഹ്യ ക്ഷേമത്തിനും വികസനത്തിനും മാറ്റങ്ങൾക്കുമുള്ള ഉപാധിയായി മാറുന്നു.

## പഠനനേട്ടങ്ങൾ

- സാമൂഹ്യ നീതി, മനുഷ്യാവകാശം, സാമൂഹ്യ നിയമ നിർമ്മാണം പോലുള്ള ആശയങ്ങളെ പരിചയപ്പെടുത്തുന്നു.
- സാമൂഹ്യ നിയമങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും പ്രായോഗികത വിശകലനം ചെയ്യുന്നു.
- മനുഷ്യാവകാശവുമായി ബന്ധപ്പെട്ട ആശങ്കകൾ വിശകലനം ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യുന്നു.
- സാമൂഹ്യ പ്രവർത്തനത്തെ ഒരു ശാക്തീകരണ സമീപനമായി ഉൾകൊള്ളുന്നു.
- RTI, RTE തുടങ്ങിയ നിയമത്തിന്റെ പ്രസക്തിയെ മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്യുന്നു.
- അനീതികളിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്ന നിയമങ്ങളെ തിരിച്ചറിയുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സാമൂഹ്യ പ്രവർത്തകർ മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്നു! മേൽ കൊടുത്ത പ്രസ്താവനയെ അടിസ്ഥാനമാക്കി സാമൂഹ്യ പ്രവർത്തനവും മനുഷ്യാവകാശവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.
2. 'ശാക്തീകരണ സമീപനം ഇന്നത്തെ സമൂഹത്തിന്റെ ആവശ്യമാണ്' നിങ്ങൾ ഈ പ്രസ്താവനയുമായി യോജിക്കുന്നുവോ? വിശദീകരിക്കുക.
3. മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹ്യ നിയമനിർമ്മാണത്തിന്റെ പ്രാധാന്യം പരിശോധിക്കുക.
4. 'ലോകത്താകമാനം സൈബർ കുറ്റകൃത്യങ്ങൾ (cyber crime) വർദ്ധിച്ചുവരികയാണ്. മേൽ പ്രസ്താവന സൈബർ നിയമങ്ങളുടെ പ്രാധാന്യം മുൻ നിർത്തി പരിശോധിക്കുക.
5. 'വിവരാവകാശ നിയമം സർക്കാർ കാര്യങ്ങളിൽ സുതാര്യത കൊണ്ടുവരുന്നതിന് വിപ്ലവാത്മക ചവിട്ടുപടിയാണ്. വിവരാവകാശ നിയമത്തിന്റെ സവിശേഷതകളുടെ സഹായത്തോടെ ചർച്ച ചെയ്യുക.
6. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ധർമങ്ങൾ പരിശോധിക്കുക.